# കേരളത്തിന്റെ ധനസ്ഥിതി നിജസ്ഥിതി പഠനം

## KERALA FINANCE : STATUS REPORT



INSTITUTE FOR SUSTAINABLE DEVELOPMENT AND GOVERNANCE

KERALA CIVIL SOCIETY

## Institute for Sustainable Development and Governance-ISDG

*The Institute for Sustainable Development and Governance is a study and research organization dedicated to fostering sustainable development and good governance. Based in Kerala, ISDG engages in policy research, advocacy, and capacity-building initiatives to address pressing socio-economic and environmental challenges.*

*With a strong emphasis on evidence-based policymaking, ISDG collaborates with civil society organizations, academic institutions, and government bodies to drive meaningful reforms. The institute works on diverse themes, including local governance, climate resilience, social justice, and economic policy, aiming to bridge the gap between research and actionable policy solutions.By organizing discussions,training, publishing research reports, and facilitating policy dialogues, ISDG plays a vital role in shaping Kerala's development discourse.*

## Kerala Civil Society

*Kerala Civil Society is an independent civil society group based in Ernakulam, committed to advocating for the ideals, needs, concerns, aspirations and expectations of the general public. It serves as a platform for civic engagement, fostering informed discussions on governance, policy reforms, and social issues.*

*A key focus of Kerala Civil Society is the empowerment of the Panchayati Raj system, ensuring that local governance functions effectively beyond the influence of party politics. By promoting participatory democracy, the organization aims to strengthen grassroots leadership and enhance transparency in decision-making processes.*

*Through community engagement, policy dialogues, and awareness campaigns, Kerala Civil Society strives to create an inclusive and accountable governance framework that truly represents the voices of the people.*

# കേരളത്തിന്റെ ധനസ്ഥിതി നിജസ്ഥിതി പഠനം

## KERALA FINANCE : STATUS REPORT



isdg ccds INSTITUTE FOR SUSTAINABLE DEVELOPMENT AND GOVERNANCE

KERALA CIVIL SOCIETY

കേരളത്തിന്റെ ധനസ്ഥിതി
നിജസ്ഥിതി പഠനം

തയ്യാറാക്കിയത്
പ്രൊഫ. (ഡോ.) മേരി ജോർജ്ജ്

സഹായം
അഡ്വ. ജോൺ ജോസഫ്
സാൻജോ സാബു
ഡോ. ഷെൻസി മാത്യു
സുനിൽജി
അനിൽകുമാർ പി. വൈ.

കവർ പേജ്
ഐ എം ഡി ആർ കോളേജ് ഓഫ് അഡ്വാൻസ്ഡ് സ്റ്റഡീസ്

പ്രസാധനം
ഇൻസ്റ്റിറ്റ്യൂട്ട് ഫോർ സസ്റ്റൈനബിൾ ഡവലപ്മെന്റ് ആന്റ് ഗവേണൻസ്
കേരള സിവിൽ സൊസൈറ്റി
ISBN 978-81-963830-9-1

ഫെബ്രുവരി 2025

അച്ചടി
കെ. എം. ഓഫ്സെറ്റ് പ്രിന്റേഴ്സ്

Kerala Finance
Status Report

*Prepared by*
Prof. (Dr.) Mary George

*Support Team*
Adv. John Joseph
Sanjo Sabu
Dr. Shency Mathew
Sunilji
Anilkumar P. Y.

*Cover Page*
I M D R College of Advanced Studies

*Published by*
Institute for Sustainable Development
and Governance
Kerala Civil Society
ISBN 978-81-963830-9-1

February 2025

*Printing*
K. M. Offset Printers

# മുൻമൊഴി

ഒരു രാജ്യത്തിന്റെ സമ്പദ്‌വ്യവസ്ഥ, അതിന്റെ ഘടന, ധനസ്ഥിതി തുടങ്ങിയവ അക്കാദിമ സ്വഭാവത്തിൽ പ്രയോഗിക്കേണ്ട വാക്കുകളെന്ന ധാരണ വച്ചുപുലർത്തുന്നവരാണ് പൊതുസമൂഹം. ഇവ പഠനത്തിനും ഗവേഷണത്തിനുംവേണ്ടി ഉന്നതതലങ്ങളിൽ ചർച്ച ചെയ്യുന്ന വിഷയ മേഖലയാണെന്നും പരക്കെ പറഞ്ഞു കേൾക്കാറുണ്ട്.

എന്നാൽ ഈ വാക്കുകളും പ്രയോഗങ്ങളുമെല്ലാം മനുഷ്യന്റെ ദൈനം-ദിന ജീവിതവുമായി അടുത്തുനിൽക്കുന്നതാണെന്ന ചിന്ത ഈ അടുത്തകാലത്തായി ശക്തമായിട്ടുണ്ട്. ഓരോ സാമ്പത്തിക വർഷത്തിലും കേന്ദ്ര-സംസ്ഥാന സർക്കാരുകൾ അവതരിപ്പിക്കുന്ന ബജറ്റ് പൊതുസമൂഹം വേണ്ടത്ര ശ്രദ്ധ പതിപ്പിച്ചു കാണുന്നില്ല. എന്നാൽ ബജറ്റ് ആദ്യ ദിനങ്ങളിൽ ചർച്ച ചെയ്യുന്നതിനപ്പുറം ബജറ്റ് അനുസരിച്ചാണോ പദ്ധതിയും ധനവിനിയോഗവുമെന്ന് ഗൗരവമായി വിലയിരുത്താറില്ല.

ഈ ഒരു പശ്ചാത്തലത്തിലാണ് തിരുവനന്തപുരം കേന്ദ്രമായി പൊതുനയകാര്യ, സുസ്ഥിര വികസന ലക്ഷ്യ മേഖലകളിൽ പഠനം, പരിശീലനം, ഗവേഷണം തുടങ്ങിയ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുന്ന ഇൻസ്റ്റിറ്റ്യൂട്ട് ഫോർ സസ്റ്റെനബിൾ ഡവലപ്മെന്റ് ആന്റ് ഗവേണൻസും (ISDG) എറണാകുളം കേന്ദ്രമായി പൊതുസമൂഹത്തിന്റെ ആശയങ്ങളും ആവശ്യങ്ങളും ആശങ്കകളും പ്രതീക്ഷകളും പ്രതിഫലിപ്പിക്കുന്ന പൗരസമൂഹ കൂട്ടായ്മയായ കേരള സിവിൽ സൊസൈറ്റിയും സംയുക്തമായി കേരളത്തിന്റെ ധനസ്ഥിതി, സമ്പദ്ഘടന, ധനസ്ഥിതി മെച്ചപ്പെടുത്താനുള്ള പൗരസമൂഹ നിർദ്ദേശങ്ങൾ ഉൾപ്പെടുത്തി വിപുലമായ പഠനത്തിന് തയ്യാറെടുക്കുന്നത്. അതിന്റെ മുന്നോടിയായിട്ടാണ് മുതിർന്ന സാമ്പത്തിക വിദഗ്ദ്ധ ഡോ. മേരി ജോർജിന്റെ നേതൃത്വത്തിൽ തയ്യാറാക്കിയ കേരളത്തിന്റെ ധനസ്ഥിതിയെക്കുറിച്ചുള്ള നിജസ്ഥിതി റിപ്പോർട്ട് ആദ്യ ഘട്ടത്തിൽ പ്രസിദ്ധീകരിക്കുന്നത്. ഇതിന് അനുബന്ധമായി കേരളത്തിന്റെ ധനസ്ഥിതിയെക്കുറിച്ചുള്ള വിശദമായ ഒരു പഠനം തുടർന്ന് സംഘടിപ്പിക്കുന്നു. അതിലേക്കുവേണ്ടിയുള്ള ഒരു രൂപരേഖയാണ് ഈ നിജസ്ഥിതി റിപ്പോർട്ട്.

**ജോൺ സാമുവൽ**
പ്രസിഡന്റ്
ഇൻസ്റ്റിറ്റ്യൂട്ട് ഫോർ സസ്റ്റെനബിൾ
ഡവലപ്മെന്റ് ആന്റ് ഗവേണൻസ്

**അഡ്വ. ജോൺ ജോസഫ്**
കൺവീനർ
കേരള സിവിൽ സൊസൈറ്റി

# ആമുഖം

**കേ**രള സർക്കാർ ഗുരുതര ധനപ്രതിസന്ധിയിലൂടെയാണ് കടന്നു പൊയ്ക്കൊണ്ടിരിക്കുന്നത്. സർക്കാരിന്റെ ദൈനം-ദിനച്ചെലവുകൾക്കും വിവിധ ക്ഷേമപദ്ധതികൾക്കും പണം കണ്ടെത്താനാകാതെയാണ് സർക്കാർ മുന്നോട്ട് പോകുന്നത്. ക്രമമായ സർക്കാർ പ്രവർത്തനം എപ്പോഴാണ് നിലക്കുന്നതെന്ന് തിട്ടപ്പെടുത്താൻ കഴിയാത്ത അവസഥയാണുള്ളത്.

സർക്കാരിന്റെ ധനസ്ഥിതി പ്രതിസന്ധിയിലായിരിക്കുന്നതുപോലെ കേരളത്തിലെ 60-65 ശതമാനം കുടുംബങ്ങളുടെ ധനസ്ഥിതിയും പ്രതിസന്ധിയിലാണെന്നു നബാർഡിന്റെ ഒരു പഠന റിപ്പോർട്ട് 2024-ൽ വെളിപ്പെടുത്തുന്നു. ഈ 60-65 ശതമാനം കുടുംബങ്ങളും കടക്കെണിയിലാണെന്നാണ് റിപ്പോർട്ടിൽ പറഞ്ഞിട്ടുള്ളത്. 2024-ലാണ് നബാർഡ് റിപ്പോർട്ട് പ്രസിദ്ധീകരിച്ചത്.

ഈ രണ്ട് വസ്തുതകളും കേരളം ഗൗരവപൂർവ്വം ചർച്ച ചെയ്യേണ്ടതാണ്. എന്നാൽ, അത്തരത്തിലൊരു ചർച്ചയ്ക്ക് തുടക്കം ഇതുവരെ ആരും തന്നെ ശ്രമം നടത്തിയതായി അറിവില്ല. ഈ ഒരു പശ്ചാത്തലത്തിലാണ് തിരുവനന്തപുരം കേന്ദ്രമായി പ്രവർത്തിക്കുന്ന ഇൻസ്റ്റിറ്റ്യൂട്ട് ഫോർ സസ്റ്റൈനബിൾ ഡവലപ്മെന്റ് ആന്റ് ഗവേണൻസും (ISDG) എറണാകുളം കേന്ദ്രമായി പ്രവർത്തിക്കുന്ന കേരള സിവിൽ സൊസൈറ്റിയും ചേർന്ന് ഈ ഒരു ഉദ്യമത്തിന് തയ്യാറായിട്ടുള്ളത്.

രണ്ടു ഘട്ടങ്ങളിലായി കേരള സർക്കാരിന്റെ ധനസ്ഥിതിയെ കുറിച്ചും കേരള സമ്പദ്വ്യവസ്ഥയുടെ വിവിധ തലങ്ങളിലെ നിലവിലെ അവസ്ഥയെക്കുറിച്ചും സമഗ്രമായ പഠന റിപ്പോർട്ടുകൾ തയ്യാറാക്കുകയാണ് ഈ രണ്ട് സംഘടനകളുടെയും പദ്ധതി.

ആദ്യഘട്ടം, സർക്കാരിന്റെ ധനസ്ഥിതിയെ സംബന്ധിച്ച റിപ്പോർട്ട് തയ്യാറാക്കി പ്രസിദ്ധീകരിക്കുകയാണ്. പ്രസ്തുത റിപ്പോർട്ട് തയ്യാറാക്കാൻ അവർ എന്നെയാണ് ചുമതലപ്പെടുത്തിയത്. ശ്രമകരമായ ഒരു ചുമതലയാണെങ്കിലും സംസ്ഥാനം നേരിടുന്ന പ്രതിസന്ധിയെ അതിജീവിക്കാൻ അത്തരത്തിലൊരു റിപ്പോർട്ടും അതിനെ അടിസ്ഥാനമാക്കിയുള്ള വിപുലവും ജനകീയവുമായ ചർച്ചയും അനിവാര്യമാണെന്ന ബോധ്യത്തോടെ ആ ചുമതല ഒരു വെല്ലുവിളിയായി ഏറ്റെടുത്തു. എന്റെ സുഹൃത്തും സഹപ്രവർത്തകനുമായ ഡോ. ജോസ് സെബാസ്റ്റ്യനും ഐ.എസ്.ഡി.ജിയും കേരള സിവിൽ സൊസൈറ്റിയും നിയോഗിച്ച ഒരു ടീമും ഈ റിപ്പോർട്ട് തയ്യാറാക്കുന്നതിന് സഹായിച്ചു.

സർക്കാരിന്റെ തന്നെ ബജറ്റ് രേഖകളും സി. ആന്റ് എ.ജി റിപ്പോർട്ടുകളും സംസ്ഥാനത്തിന്റെ ധനസ്ഥിതിയെ സംബന്ധിച്ച കേന്ദ്ര ധനവകുപ്പിന്റേയും ഭാരതീയ റിസർവ്വ് ബാങ്കിന്റെയും നിരീക്ഷണങ്ങളും പരിശോധിച്ചാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിട്ടുള്ളത്. നബാർഡ്-റിപ്പോർട്ടിലെ കേരളത്തിനു ബാധകമായ വിവരങ്ങളുടെ രത്നച്ചുരുക്കവും ഉൾപ്പെടുത്തിയിട്ടുണ്ട്.

വിപുലവും ജനകീയവുമായ ചർച്ച ഈ കാര്യങ്ങളിൽ ഉണ്ടാകുമെന്ന പ്രതീക്ഷ എനിക്കുണ്ട്. നിലവിലെ പ്രതിസന്ധി തരണം ചെയ്ത് കേരളം മുന്നേറണമെന്നും ഇന്ത്യയ്ക്ക് മാതൃകയാകണമെന്നും മുൻകാലങ്ങളിലേതു പോലെ ലോകത്തിന്റെ ശ്രദ്ധാകേന്ദ്രമായി കേരളം മാറണമെന്നും ആഗ്രഹിക്കുന്നു. ആ ആഗ്രഹമാണ് റിപ്പോർട്ട് തയ്യാറാക്കാൻ എനിക്ക് ഊർജം നൽകിയത്. പൊതുസമൂഹം അതിനനുസൃതമായി പ്രതികരിക്കാൻ തയ്യാറായാൽ ഈ പരിശ്രമം വിജയിച്ചതായി കണക്കാക്കാനാകും.

വിശ്വസ്തതയോടെ

**പ്രൊഫ (ഡോ.) മേരി ജോർജ്ജ്**

2025 ഫെബ്രുവരി

# ഉള്ളടക്കം


- കേരള സർക്കാരിന്റെയും സംസ്ഥാനത്തിന്റെയും ധനസ്ഥിതി : നിജസ്ഥിതി റിപ്പോർട്ട് 06
- സഞ്ചിതകടം ജി.എസ്.ഡി.പി. ശതമാനക്കണക്കിൽ 12
- നബാർഡ് - ആൾ ഇന്ത്യാ റൂറൽ ഫിനാൻഷ്യൽ ഇൻക്ലൂഷൻ സർവ്വേ റിപ്പോർട്ട് 19
- ധനപ്രതിസന്ധി പരിഹരിക്കാൻ 20
- ബജറ്റ് 2025-26 ധനപ്രതിസന്ധിക്ക് പരിഹാരമാകുമോ? 22
- വികസന ലക്ഷ്യങ്ങൾ 27
- വികസന ലക്ഷ്യങ്ങൾ-മുൻഗണന 28
- ആവശ്യാധിഷ്ഠിത പെൻഷൻ 31

# കേരള സർക്കാരിന്റെയും സംസ്ഥാനത്തിന്റെയും ധനസ്ഥിതി നിജസ്ഥിതി റിപ്പോർട്ട്

ഒരു സർക്കാരിന്റെ ധനസ്ഥിതിയുടെ യഥാർത്ഥ അവസ്ഥ മനസ്സിലാക്കുന്നതിന് ഉപയോഗപ്പെടുത്താവുന്ന ഏതാനും മാനകങ്ങൾ

**(i)** **സർക്കാരിന്റെ സഞ്ചിതകടം**

**(ii)** **റവന്യൂക്കമ്മിയും ധനക്കമ്മിയും**

**(iii)** **വിഭവ സമാഹരണത്തിന്റെ അവസ്ഥ**

**(iv)** **റവന്യൂച്ചെലവുകൾ നിയന്ത്രിച്ച്, കുറച്ചു കൊണ്ടുവരുന്നതിലുള്ള സർക്കാരിന്റെ മികവും ആത്മാർത്ഥതയും**

**(v)** **സംസ്ഥാനത്തിന്റെ മൊത്തം ആഭ്യന്തര ഉൽപ്പാദനവും അത് മെച്ചപ്പെടുത്തുന്നതിനുള്ള സാദ്ധ്യതയും**

**(vi)** **ഭരണ രാഷ്ട്രീയ നേതൃത്വവും ഉദ്യോഗസ്ഥ നേതൃത്വവും തമ്മിലുള്ള പൊരുത്തം**

**(vii)** **ജനങ്ങളെ പ്രചോദിപ്പിക്കാനുള്ള ഭരണ നേതൃത്വത്തിന്റെ കഴിവ്**

**(viii)** **സംസ്ഥാനത്തിന്റെ വളർച്ചയ്ക്കും ഉന്നമനത്തിനുംവേണ്ടി ജനങ്ങളുടെ സന്നദ്ധ സേവന ത്തെ പ്രയോജനപ്പെടുത്താനുള്ള ഭരണ നേതൃത്വത്തിന്റെ താൽപ്പര്യവും നയങ്ങളും**

**(ix)** **കേന്ദ്ര-സംസ്ഥാന സർക്കാരുകൾ തമ്മിലുള്ള ബന്ധത്തിന്റെ ഊഷ്മളത.**

ഈ മാനദണ്ഢങ്ങളെ അടിസ്ഥാനമാക്കി കേരള സർക്കാരിന് ഇപ്പോഴത്തെ ധനപ്രതിസന്ധിയിൽനിന്നും കരകയറാനാകുമോ, അതോ, ധനപ്രതിസന്ധി രൂക്ഷമായി കടക്കെണി യിലേക്കും ധനഅരാജകത്വത്തിലേക്കും നീങ്ങുമോ എന്നാണ് റിപ്പോർട്ട് പരിശോധിക്കുന്നത്.

## സഞ്ചിതകടം

കേരള സംസ്ഥാനം രൂപം കൊണ്ടതു മുതൽ സർക്കാർ എടുത്തിട്ടുള്ളതും ഇപ്പോഴത്തെ കുമിഞ്ഞു കൂടിയിട്ടുള്ളതുമായ കടത്തെയാണ് സഞ്ചിതകടമെന്നു വിശേഷിപ്പിക്കുന്നത്. 2025-26 ബഡ്ജറ്റ് അനുസരിച്ച് സർക്കാരിന്റെ സഞ്ചിതകടം ₹ **4,81,997.62** കോടിയാണ്. 2025-26 ലെ ബജറ്റ് എസ്റ്റിമേറ്റാണ്.

സഞ്ചിതകടത്തിന്റെ കാലാനുഗത വളർച്ച മനസ്സിലാക്കുന്നതിനുവേണ്ടി 2000-2001 മുതൽ 2025-26 വരെയുള്ള സഞ്ചിതകടത്തിന്റെ പട്ടിക നൽകുന്നു.

| വർഷം | സഞ്ചിതകടം-(കോടിയിൽ) |
|---|---|
| **2000-'01** | **23,919** |
| **2001 -'02** | **26,951** |
| **2002 -'03** | **31,116** |
| **2003 -'04** | **37,452** |
| **2004 -'05** | **41,877** |
| **2005 -'06** | **45,878** |
| **2006 -'07** | **49,876** |
| **2007 -'08** | **55,411** |
| **2008 -'09** | **63,269** |
| **2009 -'10** | **70,969** |
| **2010 -'11** | **78,670** |
| **2011 -'12** | **89,420** |
| **2012 -'13** | **1,03,561** |
| **2013 -'14** | **1,19,060** |
| **2014 -'15** | **1,35,440** |
| **2015 -'16** | **1,53,200** |
| **2016 -'17** | **1,86,456** |
| **2017 -'18** | **2,10,758** |
| **2018 -'19** | **2,35,631** |
| **2019 -'20** | **2,60,311.38** |
| **2020 -'21** | **2,96,900.86** |
| **2021 -'22** | **3,35,641.16** |
| **2022 -'23** | **3,62,191.89** |
| **2023 -'24** | **3,91,934.23** |
| **2024 -'25** | **4,36,387.00** |
| **2025 -'26** | **4,81,997.62** |
| | ബജറ്റ് എസ്റ്റിമേറ്റ് |

**അവലംബം**

വർഷാവർഷം സർക്കാരിന്റെ ധനവകുപ്പ് പ്രസിദ്ധീകരിക്കുന്ന 'Budget in Brief'.

സഞ്ചിതകടം ഓരോ വർഷവും കൂടിയ അളവിൽ വർദ്ധിച്ചുകൊണ്ടിരിക്കുന്നു എന്നു തെളിയിക്കുന്നതാണ് മുകളിൽ നൽകിയിരിക്കുന്ന ടേബിൾ. 2000-'01 മുതൽ 2010-'11 വരെ വളർച്ച 1000 കോടികളിൽ ആയിരുന്നത് 2011-'12 ആയപ്പോഴേക്കും 10,000 കോടികളിൽ ആകുന്നത് ശ്രദ്ധിക്കുക. 2000-'01 മുതൽ 2010-'11 വരെയുള്ള വളർച്ചയും (ആയിരങ്ങളിൽ), 2011-'12 മുതൽ 2025-'26 വരെയുള്ള വളർച്ചയും (പതിനായിരങ്ങളിൽ) താരതമ്യപഠനത്തിനും വേണ്ടി ടേബിളായിത്തന്നെ വീണ്ടും നൽകുന്നു.

| വർഷം | സഞ്ചിതകടം-(കോടിയിൽ) |
|---|---|
| 2000-'01<br>2001-'02 | **3,032** |
| 2001-'02<br>2002-'03 | **4,165** |
| 2002-'03<br>2003-'04 | **6,336** |
| 2003-'04<br>2004-'05 | **4,425** |
| 2004-'05<br>2005-'06 | **4,001** |
| 2005-'06<br>2006-'07 | **3,998** |
| 2006-'07<br>2007-'08 | **5,535** |
| 2007-'08<br>2008-'09 | **7,858** |
| 2008-'09<br>2009-'10 | **7,700** |
| 2009-'10<br>2010-'11 | **7,701** |
| 2010-'11<br>2011-'12 | **10,750** |
| 2011-'12<br>2012-'13 | **14,141** |
| 2012-'13<br>2013-'14 | **15,449** |

| വർഷം | സഞ്ചിതകടം-(കോടിയിൽ) |
|---|---|
| 2013-'14<br>2014-'15 | **16,380** |
| 2019-'20<br>2020-'21 | **36,589.48** |
| 2020-'21<br>2021-'22 | **38,740.30** |
| 2021-'22<br>2022-'23 | **26,550.73** |
| 2022-'23<br>2023-'24 | **29,742.34** |
| 2023-'24<br>2024-'25 | **44,452.83** |
| 2024-'25<br>2025-'26 | **45,610.56** |

വർദ്ധിച്ചുകൊണ്ടിരിക്കുന്ന കടബാദ്ധ്യത സർക്കാരിന്റെ ധനസ്ഥിതിയെ എങ്ങനെ ബാധിക്കുന്നുവെന്ന് മനസ്സിലാക്കുന്നതിന് പാർലമെന്റ് 'ധനഉത്തരവാദിത്വ ബജറ്റ് നിർവ്വഹണ നിയമം' എന്ന നിയമത്തിലൂടെ ഒരു അളവുകോൽ നിശ്ചയിച്ചിട്ടുണ്ട്. ഈ നിയമം വിശദമായി മറ്റൊരിടത്ത് പ്രതിപാദിച്ചിട്ടുണ്ട്. പാർലമെന്റ് നിശ്ചയിച്ചിട്ടുള്ള അളവുകോൽ സഞ്ചിതകടം സംസ്ഥാനത്തിന്റെ മൊത്തം ആഭ്യന്തര ഉത്പാദനത്തിന്റെ എത്ര ശതമാനമെന്ന കണക്കാണ്. അത് 29 ശതമാനത്തിൽ അധികമാകരുതെന്നാണ് വ്യവസ്ഥ ചെയ്തിട്ടുള്ളത്.

## മൊത്തം ആഭ്യന്തര ഉൽപ്പാദനം

സംസ്ഥാനത്തിന്റെ മൊത്തം ആഭ്യന്തര ഉൽപ്പാദനം എന്നത് ഒരു സാമ്പത്തിക വർഷത്തിൽ സംസ്ഥാനത്ത് ഉണ്ടാകുന്ന മൊത്തം ഉൽപ്പാദനമാണ്. മൂന്നു മേഖലകളായാണ് സാമ്പത്തിക മേഖലയെ പഠനസൗകര്യത്തിനുവേണ്ടി തിരിക്കുന്നത്. കൃഷിയും അനുബന്ധ മേഖലകളും ഉൾപ്പെടുന്ന പ്രാഥമികമേഖല, വ്യവസായങ്ങളെല്ലാം ചേർന്ന് രൂപം കൊള്ളുന്ന ദ്വിതീയ മേഖല, സേവനങ്ങളെല്ലാം ചേർന്ന് രൂപം കൊള്ളുന്ന തൃതീയമേഖല. ഈ മൂന്നു മേഖലകളിലും കൂടി ഉണ്ടാകുന്ന മൊത്തം ഉൽപ്പാദനത്തിന്റെ മൂല്യം സാമ്പത്തിക മാനദണ്ഡങ്ങൾ ഉപയോഗിച്ച് സാമ്പത്തിക വിദഗ്ദ്ധർ കണക്കാക്കുന്നു. അതിനെയാണ് സംസ്ഥാനത്തിന്റെ മൊത്തം ആഭ്യന്തര ഉൽപ്പാദനമൂല്യമായി എടുക്കുന്നത്. ജി.എസ്.ഡി.പി. (G.S.D.P) ഗ്രോസ് സ്റ്റേറ്റ് ഡൊമെസ്റ്റിക് പ്രോഡക്ട് എന്നാണ് ഇംഗ്ലീഷിൽ ഇതറിയപ്പെടുന്നത്. ദേശീയതലത്തിലും മൊത്തം ആഭ്യന്തര ഉൽപ്പാദനമൂല്യം കണക്കാക്കുന്നുണ്ട്. അതിനെ ജി.ഡി.പി. (G..D.P) ഗ്രോസ് ഡൊമെസ്റ്റിക് പ്രോഡക്ട് എന്നു പറയുന്നു.

സംസ്ഥാനത്തിന്റെ മൊത്തം ആഭ്യന്തര ഉൽപ്പാദനത്തെക്കുറിച്ച് വ്യക്തമായ ധാരണ ലഭിക്കുന്നതിന് കാലാകാലങ്ങളിൽ കണക്കാക്കിയിട്ടുള്ള ഉൽപ്പാദന മൂല്യത്തിന്റെ ഒരു താരതമ്യപഠനം പ്രയോജനകരമാണ്. ഓരോ വർഷവും പ്രസിദ്ധീകരിക്കുന്ന Economic Review- ൽ മൊത്തം ആഭ്യന്തര ഉൽപ്പാദനമൂല്യം മേഖല തിരിച്ചും മൊത്തമായും നൽകുന്നുണ്ട്. 1970-71 മുതൽ 'ദശക'ക്കണക്കിൽ ലഭ്യമായിട്ടുള്ള വിവരങ്ങൾ പട്ടികയായി ചേർക്കുന്നു.

ചാർട്ട് 01

**സംസ്ഥാനത്തിന്റെ മൊത്ത ആഭ്യന്തരവരുമാനം – മേഖലതിരിച്ച്**
**2011– ലെ വിലനിലവാരം അടിസ്ഥാനമാക്കി**
**(കോടി രൂപയിൽ)**

| | 1970-'71 | 1980-'81 | 1990-'91 | 2000-'01 | 2009-'10 | 2016-'17 | 2017-'18 | 2018-'19 | 2019-'20 | 2020-'21(P) | 2021-'22(Q) |
|---|---|---|---|---|---|---|---|---|---|---|---|
| സംസ്ഥാനത്തിന്റെ മൊത്ത ആഭ്യന്തരവരുമാനം | 1,255 | 3,823 | 12,195 | 63,715 | 1,80,812 | 4,85,301.54 | 5,16,190 | 5,54,228 | 5,59,194 | 5,12,076 | 5,73,591 |
| പ്രാഥമിക മേഖല | 663 | 1,682 | 4,756 | 14,017 | 15,966 | 45,936.94 | 47,619.2 | 46,114 | 44,306 | 44,658 | 46,516 |
| ദ്വിതീയ മേഖല | 163 | 841 | 3,171 | 14,017 | 38,249 | 1,23,289.49 | 1,29,866 | 1,30,450 | 1,32,480 | 1,28,749 | 1,33,736 |
| ത്രിതീയ മേഖല | 439 | 1300 | 4,268 | 35,680 | 1,26,597 | 2,66,144.63 | 2,83,269 | 3,03,662 | 3,17,188 | 2,71,393 | 3,18,337 |
| **Percapita Income** | 594 | 1,508 | 4,207 | 19,951 | 47,360 | 1,41,398 | 1,49,650 | 1,59,878 | 1,60,506 | 1,46,246 | 1,62,992 |

GSVA ഓരോ സബ്സെക്ടറും ജി.എസ്.ഡി.പി.യോടും കൂട്ടിച്ചേർത്തത്

മൊത്തം ആഭ്യന്തര ഉൽപ്പാദനത്തിലേക്ക് (GSDP) ഓരോ മേഖലയുടെയും സംഭാവന ശതമാനക്കണക്കിൽ കാണിക്കുന്ന വിവരങ്ങളും ലഭ്യമാണ്.

**പ്രാഥമിക, ദ്വിതീയ, തൃതീയ മേഖലകളുടെ സംഭാവന ശതമാനക്കണക്കിൽ**

**ചാർട്ട് 02**

**പ്രഥമിക, ദ്വിതീയ, തൃതീയ മേഖലകളുടെ സംഭാവന ജി.എസ്.ഡി.പി.യിലേക്ക് (%)**

**(Percentage share of Primary, Secondary and Tertiary sectors to Gross State Domestic Product of Kerala)**

| ഇനം/ വർഷം | 1970'71 | 1980'81 | 1990'91 | 2000'01 | 2009'10 | 2016'17 | 2017'18 | 2018'19 | 2019'20 | 2020'21 | 2021'22 |
|---|---|---|---|---|---|---|---|---|---|---|---|
| Share Primary Sector GSVA | 52.03% | 44.00% | 39.00% | 22.00% | 08.83% | 09.47% | 09.23% | 08.32% | 07.92% | 08.72% | 08.11% |
| Share Secondary Sector GSVA | 12.99% | 22.00% | 26.00% | 22.00% | 21.15% | 25.43% | 25.16% | 23.54% | 23.69% | 25.14% | 23.32% |
| Share Tertiary Sector GSVA | 32.98% | 34.00% | 35.00% | 56.00% | 70.02% | 65.10% | 65.61% | 68.14% | 68.39% | 66.19% | 68.57% |

പട്ടിക പരിശോധിക്കുമ്പോൾ ആഭ്യന്തര മൊത്ത വരുമാനത്തിലേയ്ക്ക് വിവിധ മേഖലകളുടെ ആപേക്ഷിക സഭാവനയിൽ വന്ന മാറ്റം വ്യക്തമാകും. 1970-71ൽ സംസ്ഥാനത്തിന്റെ ആഭ്യന്തര മൊത്ത വരുമാനത്തിന്റെ 52.03% സംഭാവന ചെയ്തിരുന്നത് പ്രാഥമിക മേഖലയായ കാർഷിക-അനുബന്ധ മേഖലകളായിരുന്നു. എന്നാൽ, 2021-22 ആയപ്പോഴേയ്ക്ക് അതു 8.11% ആയി കുറഞ്ഞു. ദ്വിതീയമേഖലയായ വ്യവസായിക മേഖലയുടെ പങ്ക് 12.99%-ൽ നിന്ന് ഈ കാലഘട്ടത്തിൽ 23.32%ത്തിലേക്ക് വളർന്നു. സേവന മേഖല 34.98%-ൽ നിന്ന് 2009-10-ൽ 70.02 ശതമാനത്തിലേക്കുയർന്ന ശേഷം 2021-22 ആയപ്പോൾ 65.57 ശതമാനത്തിലേക്ക് താഴ്ന്നു.

വർദ്ധിച്ചു വരുന്ന കടം, മൊത്തം ആഭ്യന്തര ഉൽപ്പാദനത്തിന്റെ എത്ര ശതമാനമാണെന്ന മാനകത്തെ സംബന്ധിച്ച് പരാമർശിച്ചപ്പോൾ ആനുഷംഗികമായാണ് മൊത്തം ആഭ്യന്തര ഉൽപ്പാദനത്തിന്റെ ഇത്രയും വിശദാംശങ്ങൾ ഇവിടെ ചേർത്തത്. ഇക്കാര്യം പ്രത്യേകമായി പിന്നീട് പ്രതിപാദിക്കുന്നുണ്ട്. ഇപ്പോൾ സഞ്ചിതകടം ജി.എസ്.ഡി.പി. ശതമാനക്കണക്കിൽ പരിശോധിക്കാം.

**സഞ്ചിതകടം ജി.എസ്.ഡി.പി. ശതമാനക്കണക്കിൽ**

| വർഷം | ജി.എസ്.ഡി.പി. ശതമാനത്തിൽ |
|---|---|
| 2000-’01 | 34.64% |
| 2001 -‘02 | 35.4% |
| 2002 -‘03 | 34.2% |
| 2003 -‘04 | 41.53% |
| 2004 -‘05 | 41.65% |
| 2005 -‘06 | 38.16% |
| 2007 -‘08 | 55,411 |
| 2006 -‘07 | 35.01% |
| 2007 -‘08 | 34.12% |
| 2008 -‘09 | 31.47% |
| 2009 -‘10 | 30.54% |
| 2010 -‘11 | 28.40% |
| 2011 -‘12 | 29.04% |
| 2012 -‘13 | 29.64% |
| 2013 -‘14 | 26.71% |
| 2014 -‘15 | 26.05% |
| 2015 -‘16 | 25.21% |
| 2016 -‘17 | 30.25% |
| 2017 -‘18 | 30.69% |
| 2018 -‘19 | 29.82% |
| 2019 -‘20 | 30.46% |
| 2020 -‘21 | 38.51% |
| 2021 -‘22 | 37.01% |
| 2022 -‘23 | 35.38% |
| 2023 -‘24 | , 34.20% |
| 2024 -‘25 | 34.22% |
| 2025 -‘26 | 33.77% (ബജറ്റ് എസ്റ്റിമേറ്റ്) |

സഞ്ചിതകടം GSDP യുടെ പട്ടികയിൽ നൽകിയിരിക്കുന്ന അനുപാതത്തിന് മറ്റൊരു പ്രസക്തി കൂടിയുണ്ട്. ഒരു ഫെഡറൽ രാജ്യമെന്ന നിലയിൽ കേന്ദ്രസർക്കാരും സംസ്ഥാന സർക്കാരുകളും തമ്മിലുള്ള ബന്ധങ്ങൾ ഭരണഘടനാ വ്യവസ്ഥകൾക്ക് വിധേയമാണ്. നാല് മേഖലകളായി തിരിച്ചാണ് വ്യവസ്ഥകൾ ഭരണഘടനയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്.

ലെജിസ്ലറ്റീവ് (നിയമ നിർമ്മാണാധികാരം), എക്സിക്യൂട്ടീവ് പവർ (കാര്യ നിർവ്വഹണാധികാരം), ജൂഡീഷ്യൽ പവർ (നീതി നിർവ്വഹണാധികാരം) ഫിനാൻഷ്യൽ പവർ (സാമ്പത്തികാധികാരം) എന്നിവയാണ് നാല് മേഖലകൾ. സാമ്പത്തികാധികാര മേഖലയിൽ ബജറ്റ്, ഇരു സർക്കാരുകളുടേയും കടമെടുപ്പ് തുടങ്ങിയവയെ സംബന്ധിച്ചുള്ള വ്യവസ്ഥകളുണ്ട്. അപ്രകാരം കേന്ദ്രസർക്കാരും സംസ്ഥാന സർക്കാരുകളും ബജറ്റ് തയ്യാറാക്കുന്നതിനെ സംബന്ധിച്ചും, ഇതു സർക്കാരുകളുടെയും ധനവിനിയോഗം, മാനേജ്മെന്റ് തുടങ്ങിയവയെ സംബന്ധിച്ചും പാർലമെന്റിന് നിയമനിർമ്മാണം നടത്താൻ അധികാരമുണ്ട്. സംസ്ഥാനത്തിന്റെ ധനവിനിയോഗം, ബജറ്റ് എന്നിവ സംബന്ധിച്ച് അതതു സംസ്ഥാന നിയമസഭയ്ക്കും നിയമനിർമ്മാണം നടത്താം.

2003-ൽ പാർലമന്റ് Fiscal Responsibility and Budget Management Act (ധന ഉത്തരവാദിത്വ ബഡ്ജറ്റ് നിർവ്വഹണ നിയമം) എന്ന പേരിൽ ഒരു നിയമം പാസ്സാക്കി. അതിനെ പിൻതുടർന്ന് 2003-ൽ തന്നെ സംസ്ഥാന നിയമസഭയും സമാനമായ നിയമം പാസ്സാക്കി.

FRBM Act പ്രകാരം ഒരു സംസ്ഥാനത്തിന്റെ സഞ്ചിതകടം GSDP യുടെ 29 ശതമാനമായി നിയന്ത്രിച്ചു നിറുത്താൻ സംസ്ഥാന സർക്കാർ ശ്രമിക്കണം. അതുപോലെ അതതു വർഷം എടുക്കുന്ന കടം മൊത്തം ആഭ്യന്തര വരുമാനത്തിന്റെയും മൂന്ന് ശതമനാത്തിൽ കവിയാതിരിക്കാൻ ശ്രദ്ധിക്കണം.

കേരളസർക്കാർ വർഷങ്ങളായി ഈ മാനദണ്ഡങ്ങൾ ലംഘിച്ചുകൊണ്ടാണ് പ്രവർത്തിക്കുന്നത്. അക്കാരണംകൊണ്ടാണ് കേന്ദ്രധന വകുപ്പും റിസർവ്വ്ബാങ്കും അനിയന്ത്രിതമായി കടമെടുക്കാനുള്ള സംസ്ഥാന സർക്കാരിന്റെ ശ്രമങ്ങളെ നിരുത്സാഹപ്പെടുത്തുന്നതും തടസ്സങ്ങൾ സൃഷ്ടിക്കുന്നതും. ഈ സംഗതി പക്വമായി വിലയിരുത്തുന്നതിന് നമ്മുടെ സഞ്ചിതകടത്തിന്റെയും അതതു വർഷത്തെ കടമെടുപ്പിന്റെയും ചരിത്രം കൂടി അറിയേണ്ടതുണ്ട്.

1970 മുതൽ 2000 വരെയുള്ള കാലഘട്ടത്തിൽ കടത്തിന്റെ ശരാശരി വളർച്ച 17.48% ആയിരുന്നു. 1996-2000 കാലഘട്ടത്തിൽ അത് 22.98% ആയി. 1997-98 ലെ അഞ്ചാം ശമ്പളക്കമ്മീഷൻ ശുപാർശകൾ നടപ്പാക്കിയതോടെ ധനസ്ഥിതി വീണ്ടും മോശമായി. 2000 ദശകം മുഴുവൻ സഞ്ചിതകടം ജി.എസ്.ഡി.പി.യുടെ 30 ശതമാനത്തിനും വളരെ മുകളിലായിരുന്നു. മറ്റു ചില സംസ്ഥാനങ്ങളിലും ഇതേ പ്രവണത രൂപം കൊണ്ടിരുന്നു. അക്കാരണംകൊണ്ടാണ് 2003-ൽ പാർലമെന്റ് FRBM നിയമം പാസ്സാക്കി ധനവിനിയോഗത്തെ യുക്തിസഹവും സുസ്ഥിരവുമാക്കിത്തീർക്കാൻ ശ്രമം ആരംഭിച്ചത്. സംസ്ഥാനങ്ങൾ ആ ശ്രമത്തെ സ്വാഗതം ചെയ്യുകയും സംസ്ഥാനതലത്തിൽ FRBM നിയമം പാസ്സാക്കുകയും ചെയ്തു. സാമ്പത്തിക അച്ചടക്കം പാലിക്കാനുള്ള ബാദ്ധ്യത സംസ്ഥാനങ്ങൾ സ്വയം ഏറ്റെടുക്കുകയും അക്കാര്യത്തിൽ സംസ്ഥാന സർക്കാരുകളെ നിയന്ത്രിക്കുന്നതിനുള്ള കേന്ദ്ര സർക്കാരിന്റെ അധികാരത്തെ അംഗീകരിക്കുകയും ചെയ്തു.

2010-11 മുതൽ 2015-16 വരെയുള്ള കാലത്ത് സഞ്ചിതകടം 29 ശതമാനമോ അതിൽ താഴെയോ ആയിരുന്നു. അതിന് ചില കാരണങ്ങൾ ഉണ്ടായിരുന്നു. ഇക്കാര്യം വരുന്ന ഭാഗത്ത് വിശദമാക്കുന്നുണ്ട്. 2017 മുതൽ സഞ്ചിതകടവും ജി.എസ്.ഡി.പി.യുമായ അനുപാതം അപകടാവസ്ഥയിലാകാൻ വീണ്ടും തുടങ്ങി. 2022 അവസാനമായപ്പോഴേക്കും സംസ്ഥാനത്തിന്റെ ക്രെഡിറ്റ് റേറ്റിങ്ങ് നെഗറ്റീവ് ആയി പരിണമിച്ചു.

സംസ്ഥാനം കടക്കണിയിലേക്ക് എന്ന ഭയം സാർവ്വത്രികമായി. FRBM നിയമത്തിലെ മാനദണ്ഡങ്ങളുടെ ലംഘനം തുടർക്കഥയാകുകയും പ്രതിസന്ധി സ്ഥിരമാവുകയും ചെയ്തു. മറ്റു സംസ്ഥാനങ്ങളുമായി താരതമ്യം ചെയ്യുമ്പോൾ കേരളത്തിന്റെ സഞ്ചിതകടം വളർച്ച അപകടമാകും

വിധത്തിൽ ഉയർന്നുകൊണ്ടിരിക്കുകയാണ്. ഇതുമൂലമാണ് റിസർവ്വ്ബാങ്കും കേന്ദ്രധനവകുപ്പും പിടി മുറുക്കുന്നത്. അവയുടെ നിയമാനുസൃത മാനദണ്ഡങ്ങളും നിയന്ത്രണശ്രമങ്ങളും മറി കടക്കുന്നതിനാണ് കിഫ്ബി (KIIFB-Kerala Infrastructure Investment Fund Board) രൂപീകരിച്ച് അതുവഴി കടമെടുക്കാനും കൂടാതെ വിവിധ പെൻഷൻ ഫണ്ടുകളിൽനിന്ന് കടമെടുക്കാനും നമ്മുടെ സർക്കാർ ശ്രമിച്ചത്. ഇത് സാമ്പത്തിക അച്ചടക്കത്തിന്റെ ലംഘനമായി റിസർവ്വ് ബാങ്കും കേന്ദ്ര ധനവകുപ്പും വിലയിരുത്തുന്നതിൽ അപാകതയുണ്ടെന്നു വിമർശിക്കാനോ അവ ഫെഡറൽ തത്വങ്ങൾക്കു വിരുദ്ധമായാണ് പെരുമാറുന്നതെന്ന് ആക്ഷേപിക്കാനോ കഴിയുകയില്ല. സ്വതന്ത്ര ഭരണഘടനാ സ്ഥാപനമായ കംട്രോളർ ആന്റ് ഓഡിറ്റർ ജനറലിന്റെ വിലയിരുത്തലും അങ്ങനെ തന്നെയാണ്.

ഈ വിശദീകരണത്തിൽനിന്ന് മനസ്സിലാക്കേണ്ടത് സംസ്ഥാനത്തിന്റെ ധനസ്ഥിതിയുടെ വർത്തമാനകാല അവസ്ഥയും ഭാവിയിൽ ഉണ്ടാകാനിടയുള്ള പരിണിതഫലങ്ങളും മനസ്സിലാക്കുന്നതിന് ഉപയോഗപ്പെടുത്താവുന്ന ഒന്നാമത്തേതും ഏറ്റവും പ്രധാനപ്പെട്ടതും ആയ മാനകം 'സഞ്ചിതകടം' അപകടാവസ്ഥയിൽ എത്തിയിരിക്കുന്നു എന്നതാണ്. ഏറെ വിദൂരമല്ലാത്ത നാളിൽ സംസ്ഥാനത്തിന് കടമെടുക്കാൻ കഴിയാത്ത സ്ഥിതി സംജാതമായേക്കാം.

## റവന്യൂക്കമ്മിയും ധനക്കമ്മിയും

സർക്കാരിനെ കൂടുതൽ കൂടുതൽ കടബാദ്ധ്യതയിലേക്ക് നയിക്കുന്നത് വർഷാവർഷം രൂപപ്പെടുന്ന റവന്യൂക്കമ്മിയും ധനക്കമ്മിയുമാണ്.

സർക്കാരുകളുടെ വരവും ചെലവും അക്കൗണ്ട് ചെയ്യുന്നത് റവന്യൂ വരുമാനം, റവന്യൂച്ചെലവ്, മൂലധന വരുമാനം, മൂലധനച്ചെലവ് എന്നീ സംജ്ഞകൾ ഉപയോഗിച്ചാണ്. നികുതി വരുമാനം, നികുതിയേതര വരുമാനം, കേന്ദ്രസർക്കാരിൽനിന്നു ലഭിക്കുന്ന വിഹിതം എന്നിവ ചേരുന്നതാണ് സംസ്ഥാനത്തിന്റെ റവന്യൂ വരുമാനം. ശമ്പളം, പെൻഷൻ, പലിശ, സർക്കാരിന്റെ നിത്യനിദാനച്ചെലവുകൾ എന്നിവ ചേരുന്നതാണ് റവന്യൂച്ചെലവ്.

റവന്യൂ വരുമാനവും മൂലധനവരുമാനവും ചേരുന്നതാണ് മൊത്തം വരുമാനം. മൂലധന നിക്ഷേപങ്ങളിൽനിന്നു ലഭിക്കുന്ന വരുമാനമാണ് മൂലധനവരുമാനം. സ്ഥിരസ്വഭാവ ആസ്തികൾ ഉണ്ടാക്കുന്നതിനുവേണ്ടി നടത്തുന്ന നിക്ഷേപങ്ങളും ചെലവുകളും ചേർന്നതാണ് മൂലധനച്ചെലവ്.

റവന്യൂവരുമാനവും റവന്യൂച്ചെലവും തമ്മിലുള്ള വ്യത്യാസത്തെ റവന്യൂക്കമ്മിയെന്നും മൊത്തം വരുമാനവും മൊത്തം ചെലവും തമ്മിലുള്ള വ്യത്യാസത്തെ ധനക്കമ്മിയെന്നും വിശേഷിപ്പിക്കുന്നു. ധനക്കമ്മിയാണ് കടമെടുപ്പിലേക്ക് നയിക്കുന്നത്.

1980-കൾ മുതൽ കേരളം റവന്യൂക്കമ്മിയിലും ധനക്കമ്മിയുലുമാണ്. ഇവ വർഷാവർഷം വർദ്ധിക്കുകയും രൂക്ഷതരമാകുകയും ചെയ്യുന്നതിന് ഫലപ്രദമായ ഒരു പ്രതിവിധിയും ആവിഷ്കരിക്കാൻ സർക്കാരിനു കഴിയുന്നില്ല. റവന്യൂവരുമാനം, തനതു വരുമാനം, കേന്ദ്രവിഹിതം, മൂലധനവരുമാനം, റവന്യൂച്ചെലവ്, മൂലധനച്ചെലവ് മൊത്തം വരുമാനം, മൊത്തംചെലവ്, റവന്യൂക്കമ്മി, ധനക്കമ്മി, പലിശച്ചെലവ്, സഞ്ചിതകടം എന്നീ പ്രധാന ധനസൂചകങ്ങൾ സംസ്ഥാന ആഭ്യന്തര മൊത്തവരുമാനത്തിന്റെ ശതമാനമായി, തെരഞ്ഞെടുത്ത വർഷങ്ങളിലേത് പട്ടികയായി താഴെ കൊടുക്കുന്നു. പട്ടികയിലെ സ്ഥിതി വിവരക്കണക്കുകളുടെ സൂക്ഷ്മ പരിശോധന ബോദ്ധ്യപ്പെടുത്തുന്നത് ഇപ്പോൾ പിന്തുടരുന്ന ധന മാനേജ്മെന്റ് വഴി സർക്കാരിനു ധനപ്രതിസന്ധിയിൽനിന്ന് മോചനം നേടാനാകില്ലെന്നാണ്.

**തെരഞ്ഞെടുത്ത വർഷങ്ങളിലെ പ്രധാന ധനസൂചകങ്ങൾ**
**സംസ്ഥാന ആഭ്യന്തര മൊത്ത വരുമാനത്തിന്റെ (GSDP) ശതമാനത്തിൽ)**

| നം | ഇനം | 2000-01 | 2005-05 | 2010-11 | 2015-16 | 2020-21 | 2021-22 | 2022-23 RE | 2023-24 BE |
|---|---|---|---|---|---|---|---|---|---|
| 01 | റെവന്യു വരുമാനം | 11.05 | 11.18 | 11.19 | 12.28 | 12.66 | 12.86 | 12.7 | 12.0 |
| 02 | തനതു വരുമാനം | 8.26 | 7.83 | 8.54 | 8.44 | 7.13 | 7.59 | 8.40 | 8.66 |
| 03 | കേന്ദ്ര വിഹിതം | 2.79 | 3.35 | 2.65 | 3.85 | 5.53 | 5.27 | 4.29 | 3.29 |
| 04 | മൂലധന വരുമാനം | 6.00 | 3.68 | 3.00 | 3.22 | 5.35 | 5.14 | 3.70 | 3.6 |
| 05 | മൊത്തം വരുമാനം | 1.61 | 16.54 | 14.40 | 15.60 | 17.37 | 18.01 | 16.40 | 15.55 |
| 06 | മൊത്തം ചെലവ് | 15.76 | 14.06 | 13.73 | 15.49 | 18.01 | 18.00 | 16.38 | 15.55 |
| 07 | റെവന്യൂ ചെലവ് | 15.03 | 13.46 | 12.51 | 14.00 | 16.01 | 16.12 | 16.38 | 14.10 |
| 08 | മൂലധന ച്ചെലവ് | 0.73 | 0.60 | 1.21 | 1.48 | 2.00 | 1.88 | 1.57 | 0.91 |
| 0 | റെവന്യൂ കമ്മി | 3.98 | 2.29 | 1.33 | 1.72 | 2.60 | 2.29 | 1.96 | 2.11 |
| 10 | ധന കമ്മി | 4.91 | 3.06 | 2.70 | 3.17 | 4.57 | 4.11 | 3.61 | 3.50 |
| 11 | പലിശ ച്ചെലവ് | 2.86 | 2.87 | 2.05 | 1.98 | 2.72 | 2.57 | 2.45 | 2.32 |
| 12 | പ്രാഥമിക കമ്മി | +2.05 | +0.28 | +0.74 | +1.19 | 1.85 | 1.54 | 1.16 | 1.18 |
| 13 | മൊത്തം കടം | 30.27 | 33.56 | 28.40 | 28.00 | 38.51 | 37.01 | 36.39 | 36.05 |

പട്ടികയുടെ ഒന്നാം നിര സൂചിപ്പിക്കുന്നത് തെരഞ്ഞെടുത്ത വർഷങ്ങളിലെ റവന്യൂവരുമാന / ജി.എസ്.ഡി.പി ശതമാനമാണ്. റവന്യൂ വരുമാനം എല്ലാ വർഷങ്ങളിലും 13%-ൽ താഴെയാണെന്നു കാണാം. വികസിത രാജ്യങ്ങളിലൊക്കെയും പല വികസ്വര രാഷ്ട്രങ്ങളിലും റവന്യൂ വരുമാന / G.S.D.P അനുപാതം 40%-നു മുകളിലാണ്. അതായത്, സംസ്ഥാന റവന്യൂ വരുമാന/G.S.D.P അനുപാതം പല മടങ്ങ് ഉയർത്താൻ കഴിഞ്ഞാൽ മാത്രമേ ധനപ്രതിസന്ധി പരിഹരിക്കാനാകൂ.

**നാല് വികസ്വര രാജ്യങ്ങളിലെയും ഒരു വികസിത രാജ്യത്തിലെയും നികുതി / ജി.എസ്.ഡി.പി. അനുപാതം**

| രാജ്യം | നികുതി/ഡി.എസ്.ജി.പി. അനുപാതം | വർഷം |
|---|---|---|
| ബ്രസീൽ | 14.73 | 2022 |
| ചിലി | 21.27 | " |
| ചൈന | 07.7 | " |
| ഇൻഡ്യ | 06.7 | " |
| സ്വീഡൻ | 27.6 | " |

വികസ്വര രാജ്യമായ ചൈനയിലാണ് ഇന്ത്യ കഴിഞ്ഞാൽ ഏറ്റവും താഴ്ന്ന നികുതി / ജി.ഡി.പി. അനുപാതമുള്ളത്. വികസിത രാജ്യമായ സ്വീഡനിൽ ഏറ്റവും ഉയർന്ന നികുതി / ജി.ഡി.പി. അനുപാതം 27.6 ശതമാനം നിലനിൽക്കുന്നു.

മുൻ പേജിലെ പട്ടികയിലെ നിര (08) പരിശോധിക്കുമ്പോൾ മൂലധനച്ചെലവ് എത്ര കുറവാണെന്നു മനസ്സിലാക്കാം. കടം മേടിക്കുന്നത് മൂലധനച്ചെലവിനാകണം. നിർഭാഗ്യവശാൽ നമ്മൾ, കടംകൊള്ളുന്നതിന്റെ സിംഹഭാഗവും റവന്യൂക്കമ്മി നികത്താൻ ആവശ്യമായി വരുന്നു.

നിര (11) ചൂണ്ടിക്കാട്ടുന്നത് പലിശച്ചെലവ് മൂലധനച്ചെലവിനേക്കാൾ ഉയർന്നു നിൽക്കുന്നു എന്നാണ്. ഇത് അപകടകരമായ സൂചനയാണ്.

## വിഭവസമാഹരണത്തിലെ കാര്യക്ഷമത

നികുതി, നികുതിയേതര വരുമാനം, കേന്ദ്രവിഹിതം ഇവയുടെ സമാഹരണത്തിലെ കാര്യക്ഷമതയും കാലത്തിനനുസരിച്ച മാറ്റങ്ങൾ ആവിഷ്കരിക്കാനുള്ള സർക്കാരിന്റെ സന്നദ്ധതയും സർക്കാരിന്റെ ധനസ്ഥിതി മെച്ചപ്പെടാനും കാരണമാകും. ഈ രണ്ടു കാര്യത്തിലും കേരള സർക്കാർ ആശാവഹമല്ലാത്ത മാർഗ്ഗങ്ങളിലൂടെയാണ് ചരിക്കുന്നത്. സുസ്ഥിര വികസന പാതയിലെത്താൻ കുറുക്കു വഴികളൊന്നുമില്ല. വിഭവസമാഹരണം മെച്ചപ്പെടുത്തണം, ഒരു വശത്ത്. മറുവശത്ത് ധൂർത്തും ആഢംബരവും ഒഴിവാക്കണം.

നികുതി/ധന വകുപ്പുകളുടെ കാര്യക്ഷമതയിലേക്കു വിരൽ ചൂണ്ടുന്ന തെളിവുകൾ ബഡ്ജറ്റ് രേഖകളിൽ തന്നെയുണ്ട്. ഇന്റഗ്രേറ്റഡ് ഗുഡ്സ് ആന്റ് സർവ്വീസസ് ടാക്സ് (IGST) 2019-20 മുതൽ 2023-24 വരെയുള്ള വർഷങ്ങളിൽ പൂജ്യമാണു കാണിക്കുന്നത്. ഉപഭോക്തൃ സംസ്ഥാനമായ കേരളത്തിൽ ഈയിനത്തിൽ വലിയ വരുമാനമാണുണ്ടാകേണ്ടത്. ഇതുപോല കെടുകാര്യസ്ഥതയുള്ള ഒരു ഭരണസംവിധാനം എങ്ങനെ ധനപ്രതിസന്ധിക്കു പരിഹാരം കാണും ?

കേരളത്തിൽ പരോക്ഷനികുതിയിൽ 40%-ലധികം വെട്ടിച്ചു പോകുന്നുവെന്ന് സി.ഡി.എസ്. പഠനങ്ങൾ തന്നെ അടിവരയിടുന്നു. ഡോ. ജോസ് സെബാസ്റ്റ്യന്റെ 'കേരള ധനകാര്യം' എന്ന പുസ്തകത്തിൽ ചൂണ്ടിക്കാണിക്കുന്നു. ഉപഭോക്തൃ സംസ്ഥാനമെന്ന നിലയിൽ ഒന്നാം സ്ഥാനത്താണ് കേരളം. പരോക്ഷ നികുതി സമാഹരണത്തിൽ ഏഴാമതും വിഭവസമാഹരണത്തിലെ വീഴ്ചകളെ സംബന്ധിച്ച് സുപ്രധാനമായ മറ്റു പല നിരീക്ഷണങ്ങളും ഡോ. ജോസ് സെബാസ്റ്റ്യൻ നടത്തുന്നുണ്ട്.

## റവന്യൂച്ചെലവുകൾ നിയന്ത്രിച്ച് കുറച്ചു കൊണ്ടുവരുന്നതിലുള്ള മികവും ആത്മാർത്ഥതയും

റവന്യൂ ചെലവ് എന്താണ് ? ആവർത്തന, നിർബന്ധിത ച്ചെലവുകളാണവ. ശമ്പളം, പെൻഷൻ, പലിശ, അനുദിന സെക്രട്ടേറിയറ്റ് / മറ്റു ഓഫീസ് ചെലവുകൾ ഒക്കെ ഉൾപ്പെടുന്നു. ശമ്പള /പെൻഷൻ പരിഷ്കരണം, അമിതമായി കടം കൊള്ളുന്നതിന്റെ പലിശവർദ്ധന ഇതൊക്കെ കാരണം റവന്യൂ ചെലവ് ക്രമാതീതമായി വർദ്ധിക്കുന്നു.

കേരളത്തിന്റെ വികസനമാതൃകയും ക്ഷേമപദ്ധതികളും പ്രത്യേകത ഉള്ളവയാണ്. അതുകൊണ്ട് റവന്യൂച്ചെലവ് വർദ്ധിക്കുന്നു എന്നു ഒഴുക്കൻ മട്ടിൽ പറഞ്ഞു വിമർശിക്കുന്നത് ഏകപക്ഷീയമാകും.

എന്നാൽ, നിയന്ത്രിക്കാവുന്നതും കുറച്ചുകൊണ്ടു വരാവുന്നതുമായ നിരവധി റവന്യൂച്ചെലവുകളുണ്ട്. ഇക്കാര്യത്തിൽ സർക്കാരിനും ഭരണനേതൃത്വത്തിനും മികവും ആത്മാർത്ഥതയും ഇല്ലെന്ന വിമർശനം പരക്കെയുള്ളതാണ്. അതുകൊണ്ട് ഇനം തിരിച്ചുള്ള വിശദീകരണം നൽകുന്നില്ല. ഒരു കാര്യം അസന്നിഗ്ദ്ധമായി വ്യക്തമാക്കാൻ കഴിയും. മികവും ആത്മാർത്ഥയും ഉണ്ടെങ്കിൽ വികസന യത്നങ്ങളെയും ക്ഷേമപദ്ധതികളെയും ദോഷകരമായി **ബാധിക്കാതെ റവന്യൂച്ചെലവുകളിൽ മൂന്നിലൊന്ന് കുറയ്ക്കാൻ കഴിയും.**

## സംസ്ഥാനത്തിന്റെ മൊത്തം ആഭ്യന്തര ഉൽപ്പാദനം

ഒരു രാജ്യത്തിന്റെ, മൊത്തം ആഭ്യന്തര ഉൽപ്പാദനം പൊതുവെ നികുതി നൽകാനുള്ള ശേഷിയുടെ സൂചകമായാണ് അന്താരാഷ്ട്രതലത്തിൽ തന്നെ സ്വീകരിക്കപ്പെട്ടിട്ടുള്ളത്. മൊത്തവരുമാനത്തിന്റെ എത്ര ശതമാനം നികുതിയായി സമാഹരിക്കപ്പെടുന്നു എന്നതിന്റെ അടിസ്ഥാനത്തിൽ രാജ്യങ്ങളെ താരതമ്യപ്പെടുത്തുന്ന രീതിയാണ് ലോക ബാങ്ക് സ്വീകരിച്ചിട്ടുള്ളത്. ബ്രസീൽ, ചിലി, ചൈന, ഇന്ത്യ സ്വീഡൻ എന്നിങ്ങനെ നാല് വികസ്വര രാജ്യങ്ങളുടെയും ഒരു വികസിത രാജ്യത്തിന്റെയും നികുതി/ജി.ഡി.പി. അനുപാതം സൂചിപ്പിക്കുന്ന ഒരു ടേബിൾ ശ്രദ്ധിച്ചിരിക്കുമല്ലോ.

മൊത്തം ആഭ്യന്തര ഉൽപ്പാദനത്തിന്റെ എത്ര ശതമാനം നികുതിയായി പരിച്ചെടുക്കുന്നു എന്നതിന്റെ അടിസ്ഥാനത്തിലാണ് ഇന്ത്യയിലെ സംസ്ഥാനങ്ങളെ താരതമ്യപ്പെടുത്തി വരാറുള്ളത്. ഈ വിഷയത്തെ രണ്ടു ദിശകളിൽ നിന്നു സമീപിക്കണം. ഒന്ന്, മൊത്തം ആഭ്യന്തര ഉൽപ്പാദനം വർദ്ധിപ്പിക്കാൻ നമ്മുടെ സർക്കാരിന് കഴിയുന്നുണ്ടോ? രണ്ട്, വികസിത രാജ്യങ്ങളിലേതുപോലെ ഉയർന്ന ശതമാനം നികുതി സമാഹരിക്കാൻ കഴിയുന്നുണ്ടോ? രണ്ടു ദിശകളിലും കേരള സർക്കാരിന്റെ നിർവ്വഹണം ആശാവഹമല്ല.

## ഭരണരാഷ്ട്രീയ - ഉദ്യോഗസ്ഥ നേതൃത്വങ്ങൾ തമ്മിലുള്ള പൊരുത്തം

സർക്കാരിന്റെ ധനസ്ഥിതിയും ധനമാനേജ്മെന്റും മെച്ചപ്പെടുന്നതിനും സുസ്ഥിരമാകുന്നതിനും ഭരണ രാഷ്ട്രീയ നേതൃത്വവും ഉദ്യോഗസ്ഥ നേതൃത്വവും തമ്മിൽ മെച്ചപ്പെട്ട യോജിപ്പും പൊരുത്തവും അനിവാര്യമാണ്. ലക്ഷ്യങ്ങളിൽ ഐക്യം ഉണ്ടായിരിക്കണം. പരസ്പര ബഹുമാനവും അഖണ്ഡതയും രൂപപ്പെടണം.

കേരള സർക്കാരിന്റെ ചരിത്രം പരിശോധിച്ചാൽ, രാഷ്ട്രീയ നേതൃത്വവും ഉദ്യോഗസ്ഥ നേതൃത്വവും തമ്മിൽ പൊരുത്തം ഉണ്ടായിരുന്ന കാലഘട്ടങ്ങളും ഇല്ലാതിരുന്ന കാലഘട്ടങ്ങളും വേറിട്ടു നിൽക്കുന്നത് കണ്ടെത്താനാകും. പരസ്പര ബോദ്ധ്യത്തോടെ പ്രവർത്തിച്ചപ്പോൾ ധനമാനേജ്മെന്റ് മെച്ചപ്പെടുകയും അല്ലാതിരുന്നപ്പോൾ ധനമാനേജ്മന്റ് പ്രശ്ന സങ്കീർണ്ണമായി പരിണമിക്കുകയും ചെയ്തിട്ടുള്ള നിരവധി ഉദാഹരണങ്ങൾ ചൂണ്ടിക്കാട്ടാനാകും. ഏറ്റവും സമീപകാലം പരിശോധിച്ചാൽ, യശ:ശരീരനായ ഉമ്മൻചാണ്ടി മുഖ്യമന്ത്രി ആയിരുന്നപ്പോൾ, 2012-ൽ, സർക്കാർ നിയമിച്ച പബ്ലിക് എക്സ്പെൻഡിച്ചർ റിവ്യൂക്കമ്മിറ്റിയുടെയും ധനവകുപ്പിന്റെയും കൂട്ടായ യത്നംകൊണ്ട് റവന്യൂ വരുമാന / ജി.എസ്.ഡി.പി. അനുപാതം ഉയർന്നിരുന്നത് കാണാനാകും. എന്നാൽ, പിണറായി വിജയൻ സർക്കാർ ചുമതലയേറ്റ ശേഷം ഭരണരാഷ്ട്രീയ നേതൃത്വവും ഉദ്യോഗസ്ഥ നേതൃത്വവും മാതൃകാപരമായ പ്രവർത്തനമെന്നു ഉറപ്പിച്ചു പറയാൻ കഴിയാത്ത വിധമുള്ള സംഭവവികാസങ്ങൾ ഇടയ്ക്കിടെ ഉണ്ടായിക്കൊണ്ടിരിക്കുന്നുണ്ട്. ധനവകുപ്പും മുഖ്യമന്ത്രിയുടെ ഓഫീസും തമ്മിൽ ഇടയ്ക്കിടെ ഉരസൽ ഉണ്ടാകുന്നത് മറനീക്കി പുറത്തു വരുന്നുണ്ട്. സാമ്പത്തിക മാനേജ്മെന്റ് തത്വങ്ങൾ ബലി കഴിച്ചുകൊണ്ട് രാഷ്ട്രീയപരമോ വ്യക്തിപരമോ ആയ താൽപ്പര്യങ്ങളെ മുൻനിറുത്തി ധനവിനിയോഗത്തിനു രാഷ്ട്രീയനേതൃത്വം ശ്രമിക്കുമ്പോഴാണ്, പലപ്പോഴും, ഉരസൽ ഉണ്ടാകുന്നത്. ഇതുവരെയുള്ള അനുഭവങ്ങൾ വച്ചു നോക്കിയാൽ ഇനിയും തുടരുമെന്നേ കരുതാനാകൂ. എന്തെന്നാൽ, ധനമാനേജ്മെന്റിന്റെ അടിസ്ഥാനപ്രമാണമായ അച്ചടക്കം വെടിഞ്ഞ്, 'വകമാറ്റി ചെലവ് ചെയ്യുക' എന്നത് പിണറായി വിജയൻ സർക്കാരിന്റെ മുഖമുദ്ര ആയി പരിണമിച്ചിരിക്കുന്നു എന്ന വിമർശനം ശക്തമാണ്. സി.എ.ജി ആവർത്തിച്ചു വെളിപ്പെടുത്തിയിട്ടുള്ള വസ്തുതയാണിത്.

## ജനങ്ങളെ പ്രചോദിപ്പിക്കാനുള്ള ഭരണ നേതൃത്വത്തിന്റെ കഴിവ്

സർക്കാർ പ്രതിസന്ധികളിലൂടെ കടന്നു പോകുമ്പോൾ അവ അതിജീവിക്കാൻ ഊർജ്ജം കണ്ടെത്തേണ്ടത് ജനങ്ങളിൽനിന്നാണ്. ധനമാനേജ്മെന്റ് വിഷയത്തിലും ഇതിന് ഏറെ

പ്രസക്തിയുണ്ട്. വിഷമഘട്ടങ്ങളിൽ തുണയാകാൻ, കൂടുതൽ പിന്തുണ നൽകാൻ ജനങ്ങളെ പ്രചോദിപ്പിക്കാനാകും. വരുമാനം വർദ്ധിപ്പിക്കാനും, ചെലവുകൾ ചുരുക്കാനും സർക്കാർ സംവിധാനത്തിനുള്ള കഴിവും സാദ്ധ്യതയും ഏറയാണ്. എന്നാൽ, ആ ദിശയിൽ സർക്കാർ ചലിക്കുന്നതിനും ചലിപ്പിക്കുന്നതിനും മുഖ്യപ്രേരണ ഉണ്ടാകുന്നത് ജനങ്ങളുടെ ഉത്സാഹത്തിൽനിന്നും ആവേശത്തിൽനിന്നുമാണ്. നിർഭാഗ്യവശാൽ, പിണറായി വിജയൻ സർക്കാരിന് ജനങ്ങൾക്കിടയിൽ വിഭാഗീയത ശക്തിപ്പെടുത്താനാണ് കൂടുതൽ താൽപ്പര്യം. ജനങ്ങൾക്കിടയിൽ ഐക്യവും അഖണ്ഡതയും വളർത്തി ജനങ്ങളെ പ്രചോദിപ്പിക്കാനല്ല. ഇക്കാരണം കൊണ്ട് സർക്കാരിന്റെ ഇപ്പോഴത്തെ ധനസ്ഥിതി ഇനിയും മോശമാകാനാണ് സാദ്ധ്യത കൂടുതൽ.

## സംസ്ഥാന വളർച്ചയ്ക്കും ഉന്നമനത്തിനും ജനങ്ങളുടെ സന്നദ്ധ സേവനം പ്രയോജനപ്പെടുത്താനുള്ള ഭരണ നേതൃത്വത്തിന്റെ താൽപ്പര്യവും നയങ്ങളും

സംസ്ഥാനം വെല്ലുവിളികളെ നേരിട്ട എത്രയോ സന്ദർഭങ്ങളിൽ സർക്കാരിന്റെ രക്ഷയ്ക്കെത്തിയത് ജനങ്ങളുടെ സന്നദ്ധസേവനമാണ്. 2018-ലെ പ്രളയവും 2019-ലെ കോവിഡും സംസ്ഥാനത്തെ പിടിച്ചുലച്ചപ്പോൾ മോചനമാർഗ്ഗം വികസിപ്പിച്ചത് പതിനായിരക്കണക്കിനു സന്നദ്ധ പ്രവർത്തകരാണ്. ഇപ്പോൾ, സർക്കാർ ധനപ്രതിസന്ധിയിലൂടെ കടന്നു പോകുമ്പോൾ, അതിൽനിന്നു കരകയറാൻ ജനങ്ങളുടെ സന്നദ്ധ സേവനത്തെ ഏറിയ തോതിൽ പ്രയോജനപ്പെടുത്താവുന്നതാണ്. യഥാർത്ഥത്തിൽ, പഞ്ചായത്തീരാജ് സംവിധാനത്തിൽ നിയമം മൂലം ജനങ്ങളുടെ സന്നദ്ധ ശ്രമങ്ങളെ പ്രയോജനപ്പെടുത്താനുള്ള മാർഗ്ഗങ്ങൾ സ്ഥാപനവത്കരിച്ചിട്ടുണ്ട്.കക്ഷിരാഷ്ട്രീയാതീതമായി സംസ്ഥാനത്തുടനീളം ജനങ്ങളുടെ സേവന സന്നദ്ധതയെ ഉദ്ദീപിപ്പിച്ച വികേന്ദ്രീകരണ പ്രക്രിയയെ പുനരുജീവിക്കാൻ കേരളത്തിനായാൽ അത് വലിയതോതിൽ ധനപ്രതിസന്ധിയിൽനിന്ന് രക്ഷനേടാൻ സർക്കാരിനെ സഹായിക്കും. പക്ഷേ, അതിന്, കക്ഷിരാഷ്ട്രീയാതിപ്രസരം ഉപേക്ഷിച്ച് ജനങ്ങളെ ഒന്നായിക്കാണാനുള്ള വിവേകം ഭരണരാഷ്ട്രീയ നേതൃത്വം പ്രദർശിപ്പിക്കേണ്ടിയിരിക്കുന്നു.

## കേന്ദ്ര-സംസ്ഥാന ബന്ധത്തിന്റെ ഊഷ്മളത

സംസ്ഥാനത്തിന്റെ റവന്യൂ വരുമാനം നികുതിയും നികുതിയേതര വരുമാനവും കേന്ദ്ര വിഹിതവുമാണെന്ന് നമ്മൾ നേരത്തെ മനസ്സിലാക്കിയിരുന്നു. കേന്ദ്രവിഹിതത്തിനു വ്യത്യസ്തങ്ങളായ മാനങ്ങളുണ്ട്. കേന്ദ്ര ധനകാര്യ കമ്മീഷന്റെ നയങ്ങൾക്കും നിലപാടുകൾക്കും അനുസൃതമായി കേന്ദ്ര ധനവകുപ്പിൽ നിന്ന് ലഭിക്കേണ്ട വിഹിതം, ധന ഉത്തരവാദിത്വ ബജറ്റ് നിർവ്വഹണ നിയമം അനുസരിച്ച് കടം എടുക്കുന്നതിന് കേന്ദ്രസർക്കാരിൽനിന്ന് അനുമതി ലഭിക്കൽ, കേന്ദ്ര സർക്കാർ വകുപ്പുകൾ ആവിഷ്കരിക്കുന്ന പദ്ധതികൾ സംസ്ഥാനത്ത് നടപ്പാക്കാൻ അവസരം ലഭിക്കുന്നതു വഴി സംസ്ഥാനത്തിനുണ്ടാകാവുന്ന ധനപരവുംസാമ്പത്തികവും വികസനപരവുമായ പ്രയോജനങ്ങൾ, ആപത്ഘട്ടങ്ങളിൽ ഉടൻ ലഭിക്കേണ്ട സഹായങ്ങൾ അടിയന്തിരമായി വ്യവസ്ഥകൾക്കപ്പുറം ലഭിക്കുന്നതിനുള്ള സാദ്ധ്യത എന്നിങ്ങനെ വ്യത്യസ്തങ്ങളായ മാനങ്ങളാണ് കേന്ദ്ര-സംസ്ഥാന ബന്ധങ്ങൾക്കുള്ളത്. ഭരണഘടനാപരമായ വ്യവസ്ഥകളുടെയും ഫെഡറൽ സിദ്ധാന്തങ്ങളുടെയും അടിത്തറയിൽനിന്നുകൊണ്ട് പരസ്പര ബഹുമാനത്തിലും അന്തസ്സോടെയുള്ള സമീപനം വഴിയും ദൃഢപ്പെടുത്തേണ്ടതാണ് കേന്ദ്ര-സംസ്ഥാന ബന്ധങ്ങൾ. 'അറിവാണ് ശക്തി' എന്ന ചൊല്ല് ഇക്കാര്യത്തിൽ ഏറെ പ്രസക്തമാണ്. രാഷ്ട്രീയ വായ്ത്താരികളല്ലാ, അറിവിന്റെ അടിത്തറയിൽ ഉയർത്തുന്ന വാദമുഖങ്ങളാണ് ഈ ബന്ധത്തെ നിയന്ത്രിക്കേണ്ടത്. മികവുറ്റ ഒരു ഗവേഷണസെൽ സർക്കാർ സംവിധാനത്തിന്റെ ഭാഗമായി ഇക്കാര്യത്തിന് ഉണ്ടാകേണ്ടതാണ്. സ്വന്തം താൽപ്പര്യം സംരക്ഷിക്കാനും നേടിയെടുക്കാനും ഫെഡറൽ സംവിധാനത്തിന്റെ സാദ്ധ്യതകൾ പ്രയോജനപ്പെടുത്താൻ മറ്റു സംസ്ഥാനങ്ങളെ കൂട്ടിയിണക്കാനും പൊതുവേദി രൂപപ്പെടുത്താനും ഒപ്പം, ഭരണഘടനാ വ്യവസ്ഥകളിലൂന്നിയുള്ള നിയമസാദ്ധ്യതകൾ പ്രയോജനപ്പെടുത്താനും അത്തരമൊരു സ്ഥിരം സംവിധാനം സഹായകമാകും. കേന്ദ്രവിഹിതം ഔദാര്യമല്ല, സംസ്ഥാനങ്ങളുടെ ഭരണഘടനാപരവും നിയമപരവുമായ അവകാശമാണ്.

## നബാർഡ് – ആൾ ഇന്ത്യാ റൂറൽ ഫിനാൻഷ്യൽ ഇൻക്ലൂഷൻ സർവ്വേ റിപ്പോർട്ട്

ഇന്ത്യയിലെ എല്ലാ സംസ്ഥാനങ്ങളിലെയും ഗ്രാമീണ കുടുംബങ്ങളുടെ വരുമാനം, പണം ചെലവാക്കൽ, സമ്പാദ്യം, സ്വത്ത്, നിക്ഷേപം, കടബാദ്ധ്യത, കുടുംബങ്ങൾക്ക് ബാങ്കിങ്ങ് ഇൻഷ്വുറൻസ് സേവനങ്ങൾ, പെൻഷൻ എന്നിവയുടെ ലഭ്യത, കൂടാതെ, സാമ്പത്തിക വിനിമയത്തിന് ഡിജിറ്റൽ മാർഗ്ഗങ്ങളുടെ ഉപയോഗം എത്രമാത്രം എന്നീ കാര്യങ്ങളുടെ വിവരങ്ങളാണ് 2021–22 കാലഘട്ടത്തിൽ നടത്തിയ സർവ്വേയിലൂടെ നബാർഡ് ശേഖരിച്ചത്. ശേഖരിച്ച വിവരങ്ങൾ സ്റ്റാന്റേർഡൈസ് ചെയ്ത് അപഗ്രഥിച്ച് റിപ്പോർട്ടാക്കി പ്രസിദ്ധീകരിച്ചത് 2024 ഒക്ടോബറിലാണ്.

റിപ്പോർട്ടിന് രണ്ടു സവിശേഷതകൾ ഉണ്ട്. 'കുടുംബം' യൂണിറ്റായി കണക്കാക്കിക്കൊണ്ടാണ് സർവ്വേയിൽ വിവരശേഖരണം നടത്തിയത്. വിവരങ്ങൾ അപഗ്രഥിച്ച് കണ്ടെത്തലുകൾ നടത്തിയിട്ടുള്ളത് സംസ്ഥാനാടിസ്ഥാനത്തിലും.

കർഷക കുടുംബങ്ങൾ, അല്ലാത്ത കുടുംബങ്ങൾ എന്നിവ വേർതിരിച്ചും രണ്ടുംകൂടി ചേർത്ത് പൊതുവായും വിവരങ്ങൾ റിപ്പോർട്ടിലുണ്ട്. നമ്മുടെ ഉപയോഗത്തിന് രണ്ടുംകൂടി ചേർത്തുള്ള പൊതുവായ വിവരങ്ങളാണ് എടുത്തിട്ടുള്ളത്.

### 01. ഉടമസ്ഥതയിലുള്ള ഭൂമിയുടെ വിസ്തീർണ്ണം

കേരളത്തിൽ ഒരു ഗ്രാമീണ കുടുംബത്തിന്റെ ഉടമസ്ഥതയിലുള്ള ഭൂമിയുടെ ശരാശരി വിസ്തീർണ്ണം 0.11 ഹെക്ടറാണ്.

### 02. ശരാശരി പ്രതിമാസ വരുമാനം

ഒരു ഗ്രാമീണ കുടുംബത്തിന്റെ ശരാശരി പ്രതിമാസ വരുമാനം ₹ 16,788.

### 03. ശരാശരി പ്രതിമാസ ഉപഭോഗം

ഗ്രാമീണ കുടുംബത്തിന്റെ ശരാശരി പ്രതിമാസ ഉപഭോഗം ₹ 14,778.

### 04. ഒരു കുടുംബം വിവിധ ആസ്തികൾക്കുവേണ്ടി ചെലവിടുന്ന തുക

ആസ്തികൾക്കു വേണ്ടി ഒരു വർഷം ചെലവിടുന്നത് ₹ 82,982.

### 05. ഗ്രാമീണ കുടുംബങ്ങളുടെ കടബാദ്ധ്യത, ശതമാനക്കണക്കിൽ

61% ഗ്രാമീണ കുടുംബങ്ങൾക്ക് കടബാദ്ധ്യതയുണ്ട്.

### 06. കടബാദ്ധ്യത തുകയായി

ഗ്രാമീണ കുടുബത്തിന്റെ ശരാശരി കടബാദ്ധ്യത ₹ 1,98,951/-

ഈ വിവരങ്ങൾ പ്രതിഫലിപ്പിക്കുന്നത് കേരളത്തിൽ ഗ്രാമീണ മേഖലയിലെ 61 ശതമാനം കുടുംബങ്ങൾക്കും കടബാദ്ധ്യത ഉണ്ടെന്നും ശരാശരി കടബാദ്ധ്യത 1,98,951 രൂപയാണെന്നുമാണ്. കടബാദ്ധ്യത ഒഴിവാക്കിയെടുക്കാൻ കുടുംബങ്ങൾക്കാവില്ല. അതിനുള്ള വരുമാന മിച്ചം കുടുംബങ്ങൾക്കില്ലെന്നു കാണാവുന്നതാണ്. മറിച്ച്, കടബാദ്ധ്യത വർദ്ധിക്കാനേ ഇടയുള്ളൂ. ബാഹ്യമായ സഹായം ലഭിക്കുകയോ കാര്യമായ വരുമാന വർദ്ധനവ് ഉണ്ടാകുകയോ ചെയ്താൽ മാത്രമേ കണക്കെണിയിലകപ്പെട്ടിട്ടുള്ള കുടുംബങ്ങൾക്ക് മോചനം ഉണ്ടാകുകയുള്ളൂ.

ചുരുക്കത്തിൽ, ഗ്രാമീണരുടെ കടബാദ്ധ്യത സർക്കാർ ഏറ്റെടുത്ത് അവരെ കടബാദ്ധ്യതയിൽ നിന്നു മോചിപ്പിക്കണം. അല്ലാത്തപക്ഷം കടം വീട്ടിത്തീർക്കാൻ കഴിയത്തക്ക വിധം വരുമാനം നേടുന്നതിന് അവരെ പ്രാപ്തരാക്കണം.

## ധനപ്രതിസന്ധി പരിഹരിക്കാൻ

സർക്കാരിന്റെ ധനപ്രതിസന്ധിയുടെ ആഴവും വൈപുല്യവും ആദ്യഭാഗത്ത് വിശദമാക്കിയതിനു തുടർച്ചയായി ഇനി ധനപ്രതിസന്ധി പരിഹാര നിർദ്ദേശങ്ങളാണ്.

**സർക്കാരിന്റെ റവന്യൂചെലവ് കുറയ്ക്കണം, റവന്യൂ വരുമാനം ഉയർത്തണം. അതുവഴി മൂലധനച്ചെലവിന് കൂടുതൽ പണം കണ്ടെത്തണം. കൂടിയ അളവിലുള്ള മൂലധനച്ചെലവ് സാമ്പത്തിക വളർച്ചയിലേക്കു നയിക്കും. അതായത് ജി.എസ്.ഡി.പി. വർദ്ധിക്കും. അത് വീണ്ടും റവന്യൂ വരുമാനം കൂടുതൽ നേടാൻ സഹായിക്കും. ഇത് ക്രമമായി മുമ്പോട്ടു പൊയ്ക്കൊണ്ടിരുന്നാൽ പുരോഗതി സ്വാഭാവികമായി കൈവരും.** ഏറ്റവും ലളിതമായി ധനപ്രതിസന്ധിയെക്കുറിച്ചും അതിന്റെ പരിഹാരത്തെക്കുറിച്ചും വിശദീകരിക്കാവുന്നത് ഇപ്രകാരമാണ്.

## ധാർമ്മികത ചോർന്ന രാഷ്ട്രീയം, പെരുകുന്ന ചെലവുകൾ രാഷ്ട്രീയം സംശുദ്ധവും മൂല്യാധിഷ്ഠിതവുമാകണം

സർക്കാരിന്റെ ചെലവുകൾ എന്നു കേൾക്കുമ്പോൾ ആദ്യം നമുക്ക് മനസ്സിലാക്കാൻ കഴിയാത്ത നിരവധി ചെലവുകൾ കൂടി ഉൾപ്പെട്ടതാണ്. 'കേരളം കൊണ്ടുനടക്കുന്ന രാഷ്ട്രീയം' എന്ന തലക്കെട്ടിൽ ഡോ. ജോസ് സെബാസ്റ്റ്യൻ നല്കുന്ന സരസമായ ഒരു വിവരണമുണ്ട്. "വികസിതമായ സമ്പദ്വ്യവസ്ഥയുള്ള ഒരു രാജ്യത്തും ഇത്രയധികം രാഷ്ട്രീയ പാർട്ടികൾ ഉണ്ടാവില്ല. വളരുംതോറും പിളരുകയും പിളരും തോറും വളരുകയും ചെയ്യുന്ന രാഷ്ട്രീയപ്പാർട്ടികളാണ് കേരളത്തിലുള്ളത്. നാല് ആളെക്കൂട്ടി ഏതെങ്കിലും മുന്നണിയുടെ പിന്നിൽ അണിനിരന്നാൽ ഏത് ഈർക്കിൽ പാർട്ടിയുടെ നേതാവിനും എന്തെങ്കിലുമൊക്കെ തടയാതിരിക്കില്ല. രാഷ്ട്രീയ ബോധത്തിന്റെയും ജനാധിപത്യവൽക്കരണത്തിന്റെയും ലക്ഷണമാണിത് എന്നൊക്കെ മേനി പറയാമെങ്കിലും മുഴുവൻ സമയ രാഷ്ട്രീയ പ്രവർത്തനം ഒരു തൊഴിലായി മാറിയതാണ് ഈ സ്ഥിതിവിശേഷണത്തിനു കാരണം. രാഷ്ട്രീയ കൃഷി ഒരിക്കലും നഷ്ട കൃഷിയല്ല. ഒരു തവണ എം.എൽ.എ ആയാൽ ആജീവനാന്ത പെൻഷൻ കിട്ടും. ഒരു എം.എൽ.എ ഉള്ള പാർട്ടിയ്ക്കു പോലും മന്ത്രി സ്ഥാനം കിട്ടും. മന്ത്രിമാർക്ക് കണക്കില്ലാതെ പേഴ്സണൽ സ്റ്റാഫിനെ സ്വന്തം ഇഷ്ടപ്രകാരം നിയമിക്കാം. അവർക്കും ആജീവനാന്തം പെൻഷനുണ്ട്. എം.എൽ.എ.യോ മന്ത്രിയോ ആയില്ലെങ്കിൽ പോലും അത്യാവശ്യം ജീവിച്ചുപോകാൻ ആവശ്യമായ വരുമാനം ലഭിക്കുന്ന നൂറു കണക്കിനു ലാവണങ്ങളുണ്ട്. കേരളത്തിന്റെ എത്രയോ ഇരട്ടി ജനങ്ങളുള്ള ഉത്തർപ്രദേശ് പബ്ലിക് സർവ്വീസ് കമ്മീഷനിലും യൂണിയൻ പബ്ലിക് സർവ്വീസ് കമ്മീഷനിലും ഒൻപത് അംഗങ്ങളുള്ളപ്പോൾ കേരളത്തിൽ 21 അംഗങ്ങളാണ്. പൊതുമേഖലാ സ്ഥാപനങ്ങളും സ്റ്റാറ്റ്യൂട്ടറി കോർപ്പറേഷനുകളുമായി 200ൽപരം സംവിധാനങ്ങളുണ്ട്. ഓരോ മുന്നണിയും ഭരണത്തിൽ വന്നു കഴിഞ്ഞാൽ അടുത്ത് നടക്കുന്ന ചർച്ച പൊതുമേഖലാ സ്ഥാപനങ്ങളുടെയും സ്റ്റാറ്റ്യൂട്ടറി കോർപ്പറേഷനുകളുടെയും ചെയർമാൻ സ്ഥാനത്തിന്റെ വീതം വയ്പാണ്. ഇതിനൊക്കെ പുറമേ സർവ്വകലാശാലകളുടെ സിന്റിക്കേറ്റും സെനറ്റും അടക്കം രാഷ്ട്രീയകാർക്ക് യാത്രാബത്ത, സിറ്റിംഗ് ഫീസ്, ഓണറേറിയം എന്നിവയിലൂടെ അത്യാവശ്യം കൈക്കാശ് കയ്യിൽ വരുന്ന ആയിരക്കണക്കിനു ലാവണങ്ങൾ സൃഷ്ടിച്ചിട്ടുള്ള നാടാണ് കേരളം.

വിശദമായ ഈ കുറിപ്പ് ഉൾപ്പെടുത്തുന്നത് റവന്യൂ ചെലവുകൾ കുറയ്ക്കുന്നതിനുള്ള ശ്രമം എത്ര ശ്രമകരമാകുമെന്നു ബോദ്ധ്യപ്പെടുന്നതിനു വേണ്ടിയാണ്.

## ശമ്പളവും പെൻഷനും

സർക്കാർ ഉദ്യോഗസ്ഥരുടേയും എയ്ഡഡ് മേഖലയിലെ ജീവനക്കാരുടേയും ശമ്പളവും വിരമിച്ചവരുടെ പെൻഷനുമാണ് റവന്യൂച്ചെലവിന്റെ സിംഹഭാഗവും ശമ്പളവും പെൻഷനുമാണ്. 2005 ലെ ലോകബാങ്ക് റിപ്പോർട്ട് രേഖപ്പെടുത്തിയത് "1980 കളിൽ സംസ്ഥാന തലത്തിൽ ആരംഭിച്ച പൊതുധന ഭരണ നിർവ്വഹണത്തിലെ അപചയം രൂക്ഷതരമായി തുടർന്നുകൊണ്ടിരിക്കുകയും 1997-98 ലെ അഞ്ചാം ശമ്പള പരിഷ്കരണത്തോടെ സംസ്ഥാന തല ധനപ്രതിസന്ധിയായി കരുത്താർജ്ജിച്ച്

പൊട്ടിത്തെറിക്കുകയുമായിരുന്നു" എന്നാണ്. 1997-98ലെ ശമ്പള പരിഷ്കരണത്തിനുശേഷം ഓരോ അഞ്ചു വർഷത്തിലും ശമ്പള പരിഷ്കരണം എന്ന നിലവന്നു. ഇത് വീണ്ടും ധനപ്രതിസന്ധിയുടെ ആക്കം കൂട്ടി. 1999-2000 ത്തിൽ റവന്യൂക്കമ്മി വർദ്ധനവ് 78.54% ആയിരുന്നു. പിന്നീടും ഓരോ അഞ്ചു വർഷവും പിന്നിടുമ്പോൾ നടത്തുന്ന ശമ്പള പരിഷ്കരണം സർക്കാരിന്റെ ധനപ്രതിസന്ധിയുടെ ആക്കം കൂട്ടിക്കൊണ്ടിരിക്കുകയാണ്. ശമ്പള പരിഷ്കരണം 10 വർഷത്തിലൊരിക്കലാക്കി, ശമ്പളം / പെൻഷൻ കാര്യങ്ങളിൽ കേന്ദ്ര പാരിറ്റികൊണ്ടുവന്ന് ചെലവു ചുരുക്കൽ മെച്ചപ്പെടുത്താനാകും. ശമ്പള പരിഷ്കരണം 10 വർഷത്തിലൊരിക്കൽ ആക്കുന്നത് ജീവനക്കാർക്ക് നഷ്ടം ഉണ്ടാകുമെന്ന തെറ്റിദ്ധാരണയുടെ ഫലമായി ആ നിലയിലുള്ള പ്രചരണം ഉണ്ടായേക്കാം യഥാർത്ഥത്തിൽ നഷ്ടം വരുത്തുകയില്ലെന്നു മാത്രമല്ലാ, 'കേന്ദ്ര പാരിറ്റിയിലൂടെ ജീവനക്കാർക്ക് കൂടുതൽ നേട്ടങ്ങളാണുണ്ടാകുക. അതേസമയം സർക്കാരിന് ഏതാനും വർഷങ്ങളിലേക്ക് സമാശ്വാസം ഉണ്ടാകും; അപ്പോഴേക്കും ധനസ്ഥിതി മെച്ചപ്പെടുത്താനാകും'.

## സബ്സിഡികൾ

റവന്യൂച്ചെലവ് വർദ്ധിപ്പിക്കുന്ന മറ്റൊരിനമാണ് സബ്സിഡി. ഏറ്റവും കൂടുതൽ സബ്സിഡി നല്കുന്നത് പൊതുവിതരണ സമ്പ്രദായത്തിനാണ്. രണ്ടാം സ്ഥാനത്ത് സിവിൽ സപ്ലൈസ് കോർപ്പറേഷൻ, കൺസ്യൂമർഫെഡ്. അടുത്തത് ഇലക്ട്രിസിറ്റി മേഖല. 2013-ൽ കേരള പൊതുചെലവ് അവലോകന കമ്മിറ്റി തയ്യാറാക്കിയ റിപ്പോർട്ട് സബ്സിഡികളിൽ വരുത്തേണ്ട ഗുണപരമായ മാറ്റങ്ങൾ എന്തൊക്കെയെന്നു പ്രതിപാദിക്കുന്നുണ്ട്. സാമ്പത്തികേതര പരിഗണനകൾമൂലം പ്രസ്തുത റിപ്പോർട്ടിലെ ശുപാർശകൾ വേണ്ടവിധം നടപ്പാക്കപ്പെട്ടില്ല. കാലാനുസൃതമായ ഭേദഗതികളോടെ ആ റിപ്പോർട്ടിലെ ശുപാർശകൾ നടപ്പാക്കി റവന്യൂച്ചെലവ് കൂടുതൽ യുക്തിസഹമാക്കാൻ കഴിയും.

**ധനപ്രതിസന്ധി മറികടക്കാൻ രണ്ടാമതായി വേണ്ടത് റവന്യൂ വരുമാനം ഉയർത്തുകയാണ്.** റവന്യൂ വരുമാനത്തിൽ ഉൾപ്പെട്ടു വരുന്നതാണ് കേന്ദ്ര സർക്കാരിൽ നിന്നു ലഭിക്കുന്ന സംസ്ഥാനവിഹിതം. കേന്ദ്ര ധനകാര്യ കമ്മീഷൻ നിശ്ചയിക്കുന്ന ഫോർമുലയ്ക്കനുസൃതമായാണ് വിഹിതം ലഭിക്കുന്നത്. അത് പരമാവധി വാങ്ങിയെടുക്കാൻ ശ്രമിക്കണമെന്ന കാര്യത്തിൽ തർക്കമില്ല. എന്നാൽ അത് വേണ്ടത്ര ലഭിക്കാത്തതുമൂലമാണ് സംസ്ഥാനത്തിന്റെ ധനപ്രതിസന്ധിയെന്നു മുദ്രകുത്തി സംസ്ഥാനത്തിന്റെ തനതു വരുമാനം ഉയർത്താനുള്ള പരിശ്രമം വേണ്ട വിധം നടത്താതെ മുമ്പോട്ടു പോകുന്നത് യുക്തിസഹമല്ല.

കേന്ദ്ര-സംസ്ഥാന ബന്ധത്തിൽ ഫെഡറൽ തത്വങ്ങൾ നിരന്തരം ലംഘിക്കപ്പെടുന്നു എന്നത് യാഥാർത്ഥ്യമാണ്. അത് ആരംഭിച്ചത് ശ്രീമതി ഇന്ദിരാഗാന്ധി പ്രധാനമന്ത്രി ആയിരിക്കുമ്പോഴാണ്. അതിപ്പോഴും ഏറിയും കുറഞ്ഞും തുടർന്നുകൊണ്ടിരിക്കുകയാണ്. അത്, പക്ഷേ, കേവലമായി രാഷ്ട്രീയ വിമർശനങ്ങൾകൊണ്ട് പരിഹരിക്കാനാകില്ല. ആ വിഷയത്തിൽ കേന്ദ്രത്തിന് ഒരു മേൽക്കയ്യ് ഉണ്ടെന്ന യാഥാർത്ഥ്യം അംഗീകരിച്ചുകൊണ്ട് അതിനെ നേരിടാൻ സഹകരിക്കുന്ന സംസ്ഥാന സർക്കാരുകളെയും രാഷ്ട്രീയപ്പാർട്ടികളെയും ഏകോപിപ്പിച്ചും ഒന്നിപ്പിച്ചും ഒരു പോരാട്ടമുഖം രൂപപ്പെടുത്തണം. സഹകരിക്കാൻ തയ്യാറുള്ള ഭരണഘടനാ വിദഗ്ദ്ധരെ ഉൾപ്പെടുത്തി ഒരു കമ്മിറ്റി രൂപീകരിച്ച് ഇന്ദിരാഗാന്ധിയുടെ കാലം മുതൽ ഇങ്ങോട്ട് കേന്ദ്രസർക്കാർ ഉണ്ടാക്കിയിട്ടുള്ള നിയമങ്ങൾ (പാർലമെന്റ് പാസ്സാക്കിയിട്ടുള്ള നിയമങ്ങൾ മാത്രമല്ലാ, പാർലമെന്റ് പാസ്സാക്കിയിട്ടുള്ള നിയമമനുസരിച്ച് എന്ന ആമുഖത്തോടെ കേന്ദ്ര സർക്കാർ ഇറക്കിയിട്ടുള്ള ചട്ടങ്ങൾ, വിജ്ഞാപനങ്ങൾ, ഓർഡറുകൾ, സർക്കുലറുകൾ ഇവയെല്ലാം നിയമങ്ങളുടെ ഇനത്തിൽപെടുന്നു.) പദ്ധതികൾ, സ്കീമുകൾ, ക്ഷേമപദ്ധതികൾ തുടങ്ങിയവയെല്ലാം വിശദമായും ആഴത്തിലും പരിശോധിച്ച് ഫെഡറൽ തത്വങ്ങളുടെ ലംഘനം എന്നിവയുണ്ടെങ്കിൽ കണ്ടെത്താൻ ആവശ്യപ്പെടണം. കണ്ടെത്തുന്നവ സുപ്രീം കോടതിയിൽ ചോദ്യം ചെയ്യണം. ഇത് കേരളത്തിന് ഒറ്റയ്ക്കും ചെയ്യാം. സഹകരിക്കുന്ന മറ്റു സംസ്ഥാനങ്ങളെ കൂടി സഹകരിപ്പിച്ചും ചെയ്യാം. വിദഗ്ദ്ധ കമ്മിറ്റി രൂപീകരിക്കുന്നതിനു മുമ്പ് പ്രാഥമികമായ ആശയവിനിമയത്തിലൂടെ മറ്റു സംസ്ഥാനങ്ങളെ കണ്ടെത്തി സഹകരിപ്പിച്ചു ചെയ്യാനായാൽ അതിന്റെ മാനം വിശാലമാകുകയും അതിനു വരുന്ന ചെലവുകൾ പങ്കിട്ടു വഹിക്കാൻ സാഹചര്യം ഒരുങ്ങുകയും ചെയ്യും. ഇത്തരമൊരു നീക്കം ആശാസ്യമാണോയെന്നു സർക്കാർ പരിഗണിക്കട്ടെ.

ഇതിൽ നിന്നു വ്യത്യസ്തമായി തനതുവരുമാനം വർദ്ധിപ്പിക്കാനുള്ള ശ്രമങ്ങൾ ഫലപ്രദമായി നടത്തണം. നികുതി വരുമാനവും നികുതിയേതര വരുമാനവും വർദ്ധിപ്പിക്കാനുള്ള നിരവധി നിർദ്ദേശങ്ങൾ സംസ്ഥാന താല്പര്യം സംരക്ഷിക്കാൻ ആഗ്രഹിക്കുന്ന വിദഗ്ദ്ധരായ വ്യക്തികളും വിദഗ്ദ്ധ സമിതികളും മാറി മാറി വന്നിട്ടുള്ള സർക്കാരുകൾക്ക് സമർപ്പിച്ചിട്ടുണ്ട്. അവയെക്കുറിച്ചു പഠിക്കാനും മനസ്സിലാക്കാനും ഔദ്യോഗികമായിത്തന്നെ അവസരം ലഭിച്ചിട്ടുണ്ട്.

നിർഭാഗ്യവശാൽ അത്തരം നിർദ്ദേശങ്ങൾ അധികമൊന്നും നടപ്പാക്കപ്പെട്ടിട്ടില്ല. അതുകൊണ്ട് കാര്യമായ വർദ്ധന ഉണ്ടായിട്ടുമില്ല. 2025-26 വർഷത്തെ ബജറ്റിനെ സംബന്ധിച്ച അവലോകനത്തിൽ ശ്രീ. കെ. എം. ചന്ദ്രശേഖറും പ്രൊഫ. കെ. പി. കണ്ണനും നടത്തിയിട്ടുള്ള നിരീക്ഷണങ്ങൾ അടുത്ത ഭാഗത്ത് ഉൾപ്പെടുത്തിയിട്ടുണ്ട്. വളരെ പ്രാധാന്യത്തോടെയും ഗൗരവപൂർവ്വമായും ആണ് രണ്ടുപേരും വരുമാനം വർദ്ധിപ്പിക്കേണ്ടതിന്റെ പ്രാധാന്യം ഊന്നിപ്പറഞ്ഞിട്ടുള്ളത്.

ജി.എസ്.ടി. വരുമാനം അനേകമടങ്ങ് വർദ്ധിപ്പിക്കാനുള്ള സാദ്ധ്യതയുണ്ട്. സർക്കാർ പാട്ടത്തിനു നല്കിയിരിക്കുന്ന ഭൂമിയ്ക്ക് ഈടാക്കാവുന്ന പാട്ടം, വനത്തിൽ നിന്നുള്ള വരുമാനം, ക്വാറികളിൽ നിന്നുള്ള വരുമാനം, തരിശിട്ടിരിക്കുന്ന ഭൂമി ഏറ്റെടുത്ത് പാട്ടത്തിനു നൽകി ഉണ്ടാക്കാവുന്ന വരുമാനം, വിവിധ തരം ഫീസ്, ഫൈൻ എന്നിങ്ങനെ അധിക വിഭവ സമാഹരണത്തിന് അസംഖ്യം മാർഗ്ഗങ്ങളുണ്ട്. രാഷ്ട്രീയ പരിഗണനകൾക്കപ്പുറം സംസ്ഥാനത്തിന്റെ സുസ്ഥിതി ലക്ഷ്യമാക്കാൻ സർക്കാർ തയ്യാറായാൽ അധിക വിഭവ സമാഹരണം വർദ്ധിപ്പിച്ച് ധനപ്രതിസന്ധിയിൽ നിന്ന് കരകയറാനാകും.

നിർണായകമായ ചോദ്യം? ഏതു സർക്കാർ അതിനു തയ്യാറാകുമെന്നതാണ്. ഇപ്പോഴത്തെ സർക്കാർ അതിനു തയ്യാറില്ലെന്നു ഇത്തവണത്തെ ബജറ്റിലൂടെ തെളിയിച്ചിട്ടുണ്ട്. നിർഭാഗ്യവശാൽ, മുഖ്യപ്രതിപക്ഷം കേവല വിമർശനങ്ങൾ ഉയർത്തുന്നതിനപ്പുറം പ്രതിസന്ധി മറികടക്കാനുള്ള മാർഗ്ഗങ്ങളെക്കുറിച്ച് എന്തെങ്കിലും പഠനങ്ങളോ ആലോചനകളോ നടത്തുന്നതായി അറിയുന്നില്ല.

## ബജറ്റ് 2025-26 ധനപ്രതിസന്ധിക്ക് പരിഹാരമാകുമോ?

2025-26 ബജറ്റ്, ധനപ്രതിസന്ധി മറികടക്കാൻ സഹായകമാകില്ലെന്ന് മാത്രമല്ലാ, ധനപ്രതിസന്ധി രൂക്ഷതരമാകാൻ കാരണമാകുക കൂടി ചെയ്യും. എന്റെ നിരീക്ഷണങ്ങളിലേക്കു മുമ്പ് മറ്റു ചില വിദഗ്ദ്ധരുടെ അഭിപ്രായങ്ങളും ഇവിടെ രേഖപ്പെടുത്തുന്നു.

സർക്കാർ ഭരണത്തിന്റെ എല്ലാ ശ്രേണികളിലും പ്രവർത്തിച്ചു പരിചയവും വൈദഗ്ദ്ധ്യവും നേടുകയും കേരളാ ആസൂത്രണ ബോർഡിന്റെ വൈസ് ചെയർമാനായും കേന്ദ്രസർക്കാരിന്റെ കാബിനറ്റ് സെക്രട്ടറിയെന്ന നിലയിലും രാജ്യഭരണത്തിന്റെ സമസ്ത മേഖലകളെ സംബന്ധിച്ചും മനസ്സിലാക്കാൻ അവസരം ലഭിക്കുകയും ചെയ്ത ശ്രീ. കെ. എം. ചന്ദ്രശേഖർ ഉൾപ്പെടെ വിദഗ്ദ്ധർ 2025-26 ബജറ്റിനെക്കുറിച്ച് വിലയിരുത്തി മാധ്യമങ്ങൾക്ക് നല്കിയ പ്രതികരണങ്ങൾ.

## പുതുമയില്ല; ഭാവന മാത്രം

**കെ. എം. ചന്ദ്രശേഖർ**
(മുൻ ക്യാബിനറ്റ് സെക്രട്ടറി)

കേരളം കടന്നുപോകുന്ന കടുത്ത ധനകാര്യ പ്രതിസന്ധി പരിഹരിക്കുന്നതിനുള്ള ശ്രമങ്ങൾ ബജറ്റിലുണ്ടാകുമെന്നാണു പ്രതീക്ഷിച്ചത്. കടുത്ത പ്രതിസന്ധിയുടെ കാലം കടന്നുപോയെന്നാണു ധനമന്ത്രി ബജറ്റ് പ്രസംഗത്തിൽ വ്യക്തമാക്കിയിരിക്കുന്നത്. എന്നാൽ, ചെലവിനങ്ങളിൽ ഏർപ്പെടുത്തിയിരിക്കുന്ന കടുത്ത നിയന്ത്രണങ്ങൾ ഈ അവകാശവാദങ്ങൾക്കു നിരക്കുന്നതല്ല. സവിശേഷമായതോ പുതുമയുള്ളതോ ആയ ഒന്നും ബജറ്റിൽ കാണുന്നുമില്ല. സംസ്ഥാനത്തിനുള്ള

വിഹിതത്തിൽ കേന്ദ്രസർക്കാർ വരുത്തുന്ന കുറവുകൾ ന്യായീകരിക്കാവുന്നതല്ല. എന്നാൽ കേന്ദ്രത്തെ കുറ്റം പറയുന്നതു കൊണ്ടു നമ്മുടെ ആവശ്യങ്ങൾ പരിഹരിക്കാൻ കഴിയില്ലെന്ന വസ്തുത ഗൗരവമായി ഇനിയെങ്കിലും കണക്കിലെടുക്കണം.

1991 ൽ കേന്ദ്രസർക്കാർ സ്വീകരിച്ചതുപോലെ കാര്യമായ ചില പരിഷ്കാരങ്ങൾ സംസ്ഥാനത്തിന്റെ മുന്നോട്ടുള്ള കുതിപ്പിന് അത്യാവശ്യമാണ്. നമ്മുടെ വിഭവശേഷിയുടെ നല്ലൊരു പങ്ക് അപഹരിക്കുന്ന പൊതുമേഖലാ സ്ഥാപനങ്ങളെ കാലാനുസൃതമായി പുനഃസംഘടിപ്പിക്കണം. സർക്കാർ വകുപ്പുകളിലെ അധിക ജീവനക്കാരുടെ എണ്ണത്തെപ്പറ്റി ഗൗരവമായ കണക്കെടുപ്പു വേണമെന്നു മാത്രമല്ല ആവശ്യമുള്ള മേഖലകളിലേക്ക് അവരെ പുനർനിയമിക്കുകയും വേണം. അടുത്ത അഞ്ചു വർഷത്തേക്ക് അനിവാര്യമാണെങ്കിൽ മാത്രം നിയമനങ്ങൾ മതിയെന്നു വയ്ക്കാൻ കഴിയണം. വിരമിക്കലിന്റെ പ്രായപരിധി കേന്ദ്രസർക്കാരിന്റേതിനു തുല്യമാക്കണം. വൻകിട പൊതുമേഖലാ സ്ഥാപനങ്ങളായ കെഎസ്ഇബി, കെഎസ്ആർടിസി എന്നിവ പൊതു-സ്വകാര്യ പങ്കാളിത്തത്തോടെ പുനഃസംഘടിപ്പിക്കണം. ഉപയോഗശൂന്യമായിക്കിടക്കുന്ന കൃഷിഭൂമികൾ പ്രയോജനപ്പെടുത്തുന്നതിനുള്ള ശ്രമമുണ്ടാകണം. ഭൂവിനിയോഗത്തിലും തൊഴിലാളി നിയമങ്ങളിലും കാലാനുസൃതമായ പരിഷ്കാരം ഉണ്ടാകണം. ഇത്തരം അനിവാര്യമായ വിഷയങ്ങളിൽ ശ്രദ്ധ നൽകണമായിരുന്നു.

എന്നാൽ ഈ ബജറ്റിൽ അത്തരത്തിലുള്ള ക്രിയാത്മകമായ ശ്രമങ്ങളൊന്നും ദൃശ്യമല്ല. മുൻകാല ബജറ്റുകളിലെപ്പോലെ കുറെ പുതിയ പദ്ധതികൾ വാരിക്കോരി പ്രഖ്യാപിച്ചിട്ടുണ്ട്. അതിനായി ചെറിയ തുകകൾ നീക്കിവച്ചിരിക്കുന്നു. പൊതു ഖജനാവിനെ ശരിയായ രീതിയിൽ വിനിയോഗിച്ചുകൊണ്ട് സാമ്പത്തിക അച്ചടക്കം കൊണ്ടുവരാൻ സർക്കാരിനു കഴിയുമോ എന്നതാണ് അടിസ്ഥാനപരമായ വെല്ലുവിളി. അതിനു കഴിഞ്ഞില്ലെന്നതാണു യാഥാർത്ഥ്യം. ഇതൊക്കെ കാരണം ഈ ബജറ്റിനെ ഒരു ഭാവന മാത്രമായി വിലയിരുത്താനേ എനിക്കു കഴിയുന്നുള്ളൂ.

## കുടിശിക മാറ്റി വച്ച് എത്ര നാൾ?

**പ്രൊഫ. കെ. പി. കണ്ണൻ**
വികസന സാമ്പത്തിക വിദഗ്ധൻ

കേരളത്തിന്റെ സാമ്പത്തിക അച്ചടക്കത്തിലും കാര്യക്ഷമതയിലും സംഭവിച്ച ഇടിവ് നിരാശപ്പെടുത്തുന്നതാണ്. സംസ്ഥാന ബജറ്റിൽ പറയാത്ത ചിലതു കൂടി പറഞ്ഞാലേ നിരാശയുടെ കാരണം വ്യക്തമാകൂ. തനതു വരുമാനം (നികുതിയും നികുതി ഇതരവും) 9.8% വർദ്ധിച്ചതിൽ മന്ത്രി ആഹ്ലാദവാനായി. എന്നാൽ, നികുതി പിരിവിലെ കാര്യക്ഷമത അളക്കാനുള്ള മാനദണ്ഡം ഈ വളർച്ച നിരക്കല്ല. സംസ്ഥാന മൊത്ത ആഭ്യന്തര ഉൽപാദനത്തിന്റെ (ജിഎസ്ഡിപി) വളർച്ചാനിരക്കും നികുതി വരുമാന വളർച്ചാനിരക്കും തമ്മിൽ താരതമ്യം ചെയ്യുകയാണു ശരിയായ രീതി. ജിഎസ്ഡിപി 11.3% വളർന്നപ്പോൾ 7.8% മാത്രമാണു നികുതി വരുമാന വർധന. മുൻ വർഷത്തെ വർദ്ധന ഇതിലും കൂടുതലായിരുന്നു-7.9%.

എഴുപതുകളുടെ അവസാനം 12%, തുടർന്ന് 2017-18 വരെ 9-9.5% എന്നിങ്ങനെയായിരുന്നു നികുതി വരുമാന വളർച്ച. പിന്നീടിത് 8-9% ആയി താഴ്ന്നു. ഇപ്പോൾ വീണ്ടും കുറഞ്ഞു. മന്ത്രിയുടെ തന്നെ പഴയകാല വളർച്ച റെക്കോർഡ് തിരിച്ചുപിടിച്ചാൽ പോലും കിട്ടും 9000 കോടി അധികവരുമാനം.

വരുമാനക്കമ്മിക്കണക്കിലും പൊരുത്തക്കേട് കാണാം. ചില പ്രധാന ചെലവുകൾ അടുത്ത വർഷത്തേക്കു മാറ്റിവച്ചാണ് വരുമാനക്കമ്മി കുറച്ചു കാണിച്ചിരിക്കുന്നത്. നിർമാണ കരാറുകാർക്ക് 16,000 കോടി, സാമൂഹിക സുരക്ഷാ പെൻഷന്റെ മൂന്നു മാസത്തെ കുടിശിക 3,400 കോടി, ശമ്പള പരിഷ്കരണ കുടിശിക 15,000 കോടി തുടങ്ങിയവ കൂടി ഉൾപ്പെടുത്തിയാൽ 4.98% ആകും വരുമാനക്കമ്മി. ബജറ്റിൽ കാണിച്ചിട്ടുള്ളതാകട്ടെ 02.29% മാത്രം. അങ്കണവാടികൾക്കും ഉച്ചഭക്ഷണത്തിനുമൊക്കെ നൽകാനുള്ള പണം കൂടി ചേർത്താൽ വരുമാനക്കമ്മി 5% കടക്കും.

മുൻപ് അധികം തുക കടമെടുത്താണ് സർക്കാർ ഇത്തരം ചെലവുകൾ നടത്തിയിരുന്നതും വരുമാനക്കമ്മി ഉയർന്നുനിന്നിരുന്നതും. കടമെടുപ്പിൽ കൃത്യമായ പരിധി നിർണയിച്ചതോടെ ചെലവുകൾ അടുത്ത വർഷത്തേക്കു മാറ്റിവച്ചുതുടങ്ങി. വികസന പദ്ധതികൾക്കെന്ന പേരിൽ കടമെടുക്കുന്ന പണം ദൈനംദിന ചെലവുകൾക്കായി ഉപയോഗിക്കുന്നതിനാൽ ആകെ വരുമാനത്തിന്റെ 22.4% തുക പലിശ നൽകാനായി ചെലവിടേണ്ട അവസ്ഥയിലായി. 20.8% സർവീസ് പെൻഷനു വേണം.

വരുമാനത്തിന്റെ 43.2% പലിശയും പെൻഷനും നൽകാനാണ്. ബാക്കി 57% കൊണ്ടാണ മറ്റെല്ലാ ചെലവുകളും നടത്തുന്നത്. ഇതുവഴി കടത്തിൽ നിന്ന് കടത്തിലേക്കു വീഴുന്ന സർക്കാരാകട്ടെ വരുമാനം വർധിപ്പിക്കാനുള്ള കാര്യക്ഷമമായ ഇടപെടലുകൾ നടത്തുന്നുമില്ല. വരുമാനം കൂട്ടാതെ ഈ കുരുക്കിൽ നിന്നു രക്ഷപ്പെടാനാകില്ല.

കേരളം പ്രതിസന്ധിയിൽ നിന്നു ടേക്ക്ഓഫ് ചെയ്യുകയാണെന്നു ബജറ്റ് പ്രസംഗത്തിൽ കേട്ടു. 20–39 പ്രായവിഭാഗത്തിലെ ബിരുദധാരികളായിരുന്നിട്ടും ജോലിയൊന്നുമില്ലാതെ വീട്ടിലിരിക്കുന്ന 9.8 ലക്ഷം സ്ത്രീകളോടും 2.1 ലക്ഷം പുരുഷൻമാരോടും ചോദിക്കൂ, ഇതു ടേക്ക് ഓഫ് ആണോയെന്ന്.

## ബജറ്റ് 2025–26
## അവലോകനം

ഫെബ്രുവരി 08 ന് മലയാള മനോരമ ദിനപ്പത്രം ബജറ്റിനെക്കുറിച്ച് ഏതാനും വിദഗ്ദ്ധരുടെ വിലയിരുത്തലും ബജറ്റിന് പത്തിൽ അവർ നല്കുന്ന മാർക്കും പ്രസിദ്ധീകരിച്ചിരിക്കുന്നത് ഇവിടെ ഉദ്ധരിക്കുന്നു. ബജറ്റിന്റെ ഗുണമേന്മയിലേക്ക് വെളിച്ചം വീശുന്നതാണ് വിദഗ്ദ്ധരുടെ വിലയിരുത്തൽ. തുടർന്ന് എന്റെ വിലയിരുത്തലും ഉൾപ്പെടുത്തിയിട്ടുണ്ട്.

**ജി. വിജയരാഘവൻ** 06.5/10
മുൻ സിഇഒ,
ടെക്നോപാർക്ക് ആസൂത്രണ ബോർഡ് മുൻ അംഗം

**പ്ലസ്**

* പ്രതീക്ഷ നൽകുന്ന സമീപനമാണ് ബജറ്റിലുള്ളത്
* കിഫ്ബിയിൽ നിന്നു വരുമാനം സൃഷ്ടിക്കാനുള്ള നീക്കം
* സ്കോളർഷിപ്പുകൾ, സഹകരണ ഭവന നിർമ്മാണ പദ്ധതികൾ

**മൈനസ്**

* കഴിഞ്ഞ ബജറ്റിൽ പ്രഖ്യാപിച്ച കാര്യങ്ങൾ എന്തായി എന്നു പരാമർശമില്ല.
* ഉന്നത വിദ്യാഭ്യാസ മേഖലയിലെ പല പദ്ധതികളും യാഥാർഥ്യമായില്ല.
* പ്രഖ്യാപനത്തിനനുസരിച്ച് പദ്ധതികൾ യാഥാർത്ഥ്യമാക്കുന്നതിനുള്ള സമീപനം കാണുന്നില്ല.

**ടി. നന്ദകുമാർ** 04.5/10
കേന്ദ്ര കൃഷി–
ഭക്ഷ്യവകുപ്പ് മുൻ സെക്രട്ടറി

**പ്ലസ്**

* ധനക്കമ്മി കുറയ്ക്കാനുള്ള നടപടികൾക്കു ശ്രമം.
* പരിസ്ഥിതി ദുർബല മേഖലകൾ കണക്കിലെടുത്ത് എവിടെ എന്തു ചെയ്യണമെന്ന കാഴ്ചപ്പാട് ബജറ്റ് പങ്കുവയ്ക്കുന്നു.
* സ്വകാര്യ നിക്ഷേപം ആവശ്യമാണെന്ന യാഥാർഥ്യബോധത്തോടെയുള്ള സമീപനം.

**മൈനസ്**

* വിഭവസമാഹരണത്തെക്കുറിച്ചുള്ള അമിത പ്രതീക്ഷ
* അനാവശ്യ ചെലവുകൾ കുറയ്ക്കാൻ നടപടിയില്ല.
* പദ്ധതികളുടെ ധാരാളിത്തത്തിനനുസരിച്ച് മതിയായ തുക നീക്കി വയ്ക്കാൻ സാധിച്ചിട്ടില്ല.

**ഡോ. ജോസ് സെബാസ്റ്റ്യൻ** 03/10

**പ്ലസ്**

* എല്ലാ താലൂക്ക് ആശുപത്രികളിലും ഡയാലിസിസ് യൂണിറ്റ്.
* മാരിടൈം ഹിസ്റ്ററി മ്യൂസിയം
* ടൂറിസം മേഖലയിലെ കെ ഹോം പദ്ധതി.

**മൈനസ്**

* ആരോഗ്യ, വിദ്യാഭ്യാസ മേഖലയിൽ നിന്നു വിഭവസമാഹരണത്തിനുള്ള വമ്പിച്ച അവസരം വേണ്ടെന്നുവച്ചു.
* ക്ഷേമപെൻഷന് ഒരു രൂപ പോലും മാറ്റിവച്ചില്ല.
* മധ്യവർഗത്തെയും സർവീസ് പെൻഷൻകാരേയും സന്തോഷിപ്പിക്കാൻ ശ്രമം.

**ഡോ. ബി. എ. പ്രകാശ്** 05/10
സംസ്ഥാന ധനകാര്യ കമ്മിഷൻ
മുൻ അദ്ധ്യക്ഷൻ

**പ്ലസ്**

* വികസനത്തിന് സ്വകാര്യ നിക്ഷേപത്തെ ആശ്രയിക്കാനുള്ള തീരുമാനം
* മെച്ചമായ വികസന സമീപനം
* കിഫ്ബി പദ്ധതികളിൽ നിന്നു വരുമാന മാർഗ്ഗം സൃഷ്ടിക്കാനുള്ള ശ്രമം.

**മൈനസ്**

* സംസ്ഥാനം കടക്കെണിയിലാണെന്ന യാഥാർത്ഥ്യം അംഗീകരിക്കുന്നില്ല.
* ധനസ്ഥിതി മെച്ചപ്പെടുത്താനുള്ള നിർദ്ദേശങ്ങളോ നടപടികളോ ഇല്ല.
* കേന്ദ്രത്തിന്റെ ഏകീകൃത പെൻഷൻ പദ്ധതിയിലേക്കു തിരിഞ്ഞില്ല.

**ഡോ. നാഗരാജൻ നായിഡു** 05/10
സംസ്ഥാന പബ്ലിക്
എക്സ്പെൻഡിച്ചർ കമ്മിറ്റി മുൻ അംഗം)

**പ്ലസ്**

* ആധുനിക സാങ്കേതിക വിദ്യയിൽ ഊന്നിയുള്ള ഐടി പാർക്കുകൾ, ഐടി കോറിഡോർ, ഡിജിറ്റൽ പാർക്ക് എന്നിവ.
* വർധിച്ചുവരുന്ന നഗരവൽക്കരണത്തിനായി അടിസ്ഥാന സൗകര്യ വികസനം ഒരുക്കാൻ മുനിസിപ്പൽ ബോണ്ട്, ഗ്രീൻ ബോണ്ട് തുടങ്ങിയവ ഏർപ്പെടുത്താനുള്ള പ്രഖ്യാപനം.

* വിഴിഞ്ഞം-കൊല്ലം-പുനലൂർ ഡവലപ്മെന്റ് ട്രയാംഗിൾ, തിരുവനന്തപുരം-പൂവാർ-കാസർകോട് തീരദേശ ഹൈവേ, ഔട്ടർ റിങ് റോഡ്, കോവളം-നീലേശ്വരം വാട്ടർ കോസ്റ്റ് കനാൽ.

**മൈനസ്**

* അടിസ്ഥാന വിഭാഗങ്ങളുടെ ജീവിതം മെച്ചപ്പെടുത്താനുള്ള ക്ഷേമപദ്ധതികളുടെ അപര്യാപ്തത.
* കാർഷിക മേഖലയുടെ വികസനം, പാലുൽപാദനം എന്നീ മേഖലകളിൽ പദ്ധതികളുടെ കുറവ്.
* ബജറ്റിൽ നിർദ്ദേശിച്ചിരിക്കുന്ന മൂലധനച്ചെലവായ 16.871 കോടി പദ്ധതി നിർവ്വഹണത്തിന് പര്യാപ്തമല്ല.

**ഡോ. മേരി ജോർജ്ജ്** 04/10
പബ്ലിക് എക്സ്പെൻഡിച്ചർ
കമ്മിറ്റി മുൻ അദ്ധ്യക്ഷ

പ്ലസ്

* വയനാട് പുനരധിവാസത്തിന് ഊന്നൽ
* ഉന്നത വിദ്യാഭ്യാസ മേഖലയിൽ ഗ്ലോബൽ കേപ്പബിലിറ്റി സെന്റർ മിഷൻ
* പബ്ലിക് പ്രൈവറ്റ് പാർട്ടിസിപ്പേഷൻ അംഗീകരിക്കുന്ന സമീപനം

**മൈനസ്**

* കാർഷികമേഖലയ്ക്ക് ആവശ്യമായ തുക വകയിരുത്തിയില്ല.
* പദ്ധതികൾക്കു മാറ്റിവച്ച തുക അപര്യാപ്തമാണ്.
* വിഭവ സമാഹരണം കാര്യക്ഷമമല്ല.

ഇതുവരെ പരിശോധിച്ച എല്ലാ വിദഗ്ദ്ധരുടെയും അഭിപ്രായങ്ങൾ വ്യക്തമാക്കുന്നത്, സംസ്ഥാനത്തിന്റെ ധനപ്രതിസന്ധി പരിഹരിക്കാനോ മറികടക്കാനോ ഇത്തവണത്തെ ബജറ്റ് സഹായകരമാകില്ലെന്നാണ്. ഒരു ബജറ്റിന്റെ ഗുണമേന്മ വിലയിരുത്തുന്നതിന് ഉപയോഗപ്പെടുത്താവുന്ന ചില മാനദണ്ഡങ്ങൾ ഉണ്ട്. സർക്കാരിന്റെ റവന്യൂ ചെലവുകൾ നിയന്ത്രിച്ചും റവന്യൂ വരുമാനം ഉയർത്തിയും പ്രത്യുൽപ്പാദനപരമായ മൂലധനച്ചെലവിനും കടബാദ്ധ്യത തീർക്കുന്നതിനും എത്രകണ്ട് പണം കണ്ടെത്താനാകും എന്നതാണ് നിർണായകമായ ഒരു മാനദണ്ഡം. റവന്യൂ ചെലവ് നിയന്ത്രിക്കുന്നതിന് സാഹസികമായ തീരുമാനങ്ങൾ ധനമന്ത്രിയുടെയും ധനവകുപ്പിന്റെയും പ്രേരണവഴിയും പ്രചോദനം വഴിയും സർക്കാർ എടുക്കാൻ തയ്യാറാകണം. ശ്രീ. കെ. എം. ചന്ദ്രശേഖറിന്റെയും പ്രൊഫ. കെ. പി. കണ്ണന്റെയും വിലയിരുത്തൽ ശ്രദ്ധാപൂർവ്വം വായിച്ചാൽ അത്തരത്തിലുള്ള നിർദ്ദേശങ്ങൾ കാണാനാകും. അതുപോലെ റവന്യൂ വരുമാനം വർദ്ധിപ്പിക്കുന്നതിനു സഹായിക്കുന്ന നിർദ്ദേശങ്ങൾ കൂടി പ്രൊഫ. കെ. പി. കണ്ണന്റെ വിലയിരുത്തലിൽ അടങ്ങിയിട്ടുണ്ട്. ഈ രണ്ടു ദിശകളിലും വിശദമായ പഠനം നടത്തി അതിന്റെ അടിസ്ഥാനത്തിൽ ബജറ്റ് തയ്യാറാക്കിയാൽ അത് നമ്മുടെ ധനപ്രതിസന്ധി പരിഹരിക്കാൻ സഹായകമാകും. നിർഭാഗ്യവശാൽ അത്തരത്തിലുള്ള പഠനം ബജറ്റ് തയ്യാറാക്കുന്നതിനുവേണ്ടി നടത്തിയിട്ടുള്ളതായി ബജറ്റിൽ നിന്നു വായിച്ചെടുക്കാനാകില്ല. അതുകൊണ്ടാണ് ധനപ്രതിസന്ധി മറികടക്കുന്നതിന് ഇത്തവണത്തെ ബജറ്റ് സഹായകമാകില്ലെന്നും മറിച്ച്, ധനപ്രതിസന്ധി രൂക്ഷതരമാകുമെന്നും അഭിപ്രായപ്പെടുന്നത്.

# വികസന ലക്ഷ്യങ്ങൾ

സംസ്ഥാന സർക്കാരിന്റെയും ഭൂരിപക്ഷ ജനസമൂഹത്തിന്റെയും ധനസ്ഥിതി ഏറെ പിന്നാക്കവും പരിതാപകരവുമാണെന്ന വസ്തുത ഉൾക്കൊണ്ടാണ് വികസനലക്ഷ്യങ്ങൾ നിർദ്ദേശിക്കുന്നത്. ധനസ്ഥിതി പരിതാപകരമാണെങ്കിലും മൗലിക പ്രാധാന്യമുള്ളതും ഒഴിവാക്കാനാകാത്തതുമായ വികസനശ്രമങ്ങൾ ഏറ്റെടുക്കുകയെന്നത് ഒരു സർക്കാരിന്റെ അനിവാര്യ ചുമതലയാണ്. അങ്ങനെ പ്രവർത്തിക്കാനായില്ലെങ്കിൽ ജനഹിതപ്രകാരമുള്ള ഒരു സർക്കാർ രൂപം കൊള്ളുന്നതിന് വഴിയൊരുക്കുകയെന്നത് ജനാധിപത്യപരമായ ചുമതലയാണ്.

## വികസനലക്ഷ്യ സമീപനം

01. ധനസ്ഥിതി മോശമായ ഒരു സർക്കാരിനു കരണീയമായിട്ടുള്ളത് സത്യസന്ധമായി വിവരങ്ങൾ ജനങ്ങൾക്കു മുമ്പിൽ അവതരിപ്പിച്ചുകൊണ്ട് ജനങ്ങളുടെ സഹായം തേടുകയാണ്. ജനങ്ങളിൽ ഭൂരിഭാഗവും പൊതുനന്മയ്ക്കുവേണ്ടി ത്യാഗാർച്ചന ചെയ്യാൻ തയ്യാറാണെന്നത് സ്വാതന്ത്ര്യസമരം മുതൽ ഇക്കാലം വരെയും തെളിയിച്ചിട്ടുള്ള അസംഖ്യം സന്ദർഭങ്ങളുണ്ട്. ഏറ്റവും സമീപകാലത്ത് ഇത് അസന്നിഗ്ദ്ധമായി തെളിയിച്ച സന്ദർഭങ്ങളാണ് 2018-ലെ പ്രളയം, 2019-ലെ കോവിഡ് മഹാമാരി, കഴിഞ്ഞ വർഷത്തെ വയനാട്-ചൂരൽമല മഹാദുരന്തം.

    ത്യാഗാർച്ചന വ്യത്യസ്ത രൂപങ്ങളിലാകാം. പണം നൽകി സഹകരിക്കാൻ കഴിയുന്നവർ, അദ്ധ്വാനം ത്യാഗാർച്ചനയായി അർപ്പിക്കുന്നവർ, ശാരീരികാദ്ധ്വാന രൂപത്തിലല്ലാതെ സമയം ചെലവഴിക്കാൻ തയ്യാറുള്ളവർ എന്നിങ്ങനെ. ഏറ്റവും ദരിദ്രമായിരുന്ന കേരളത്തെ ലോകം മുഴുവൻ അത്യാദരവോടെ പ്രകീർത്തിച്ച വികസനാവസ്ഥയിലെയ്ക്കെത്തിച്ചതിൽ 50 ശതമാനത്തിലധികം സംഭാവന ജനങ്ങളുടെ ത്യാഗാർച്ചനയായിരുന്നു എന്നതാണ് ഈ ഒന്നാമത്തെ സമീപനത്തിനാധാരം.

02. തദ്ദേശസ്വയംഭരണ സംവിധാനത്തിലൂന്നിയ, പഞ്ചായത്തീരാജ് ഭരണഘടനയുടെ ഭാഗമാക്കി മാറ്റിയ ഭരണഘടനുടെ 73,74 ഭേദഗതികളും അതിനു ചുവട് പിടിച്ച് 1994-ൽ കേരളത്തിൽ പാസ്സാക്കിയ പഞ്ചായത്തീരാജ്, മുനിസിപ്പാലിറ്റി നിയമങ്ങളും ജനപങ്കാളിത്തത്തോടെയുള്ള വികസനത്തിന്റെ സ്പെഷ്യൽ പർപ്പസ് വെഹിക്കിളായി തദ്ദേശഭരണ സംവിധാനത്തെ പരിവർത്തിപ്പിച്ചിട്ടുണ്ട്. ഒരു കാര്യത്തിലൊഴികെ മറ്റെല്ലാ കാര്യങ്ങളിലും ഇന്ത്യയ്ക്കാകെ മാതൃക ആകാൻ കഴിയുന്ന സവിശേഷതകൾ ആ രണ്ടു നിയമങ്ങളും തദ്ദേശസ്വയംഭരണ സംവിധാനത്തിൽ സന്നിവേശിപ്പിച്ചിട്ടുണ്ട്. മാതൃകയായി പ്രകീർത്തിക്കാൻ കഴിയാത്ത കാര്യം കേരളത്തിൽ തദ്ദേശഭരണസംവിധാനം കക്ഷിരാഷ്ട്രീയാധീനമായിരിക്കത്തക്കവിധം തദ്ദേശഭരണ തെരഞ്ഞെടുപ്പ് വ്യവസ്ഥ ചെയ്തിരിക്കുന്നു എന്നതാണ്. **കേരളവും ബംഗാളും ത്രിപുരയും ഒഴികെ ഇന്ത്യ മുഴുവൻ തദ്ദേശഭരണസംവിധാനം കക്ഷിരാഷ്ട്രീയാതീതമായിട്ടാണ് വ്യവസ്ഥ ചെയ്തിട്ടുള്ളത്.** ഈ വർഷം തന്നെ വരാൻ പോകുന്ന തദ്ദേശഭരണ തെരഞ്ഞെടുപ്പിലൂടെ ഈ തെറ്റ് തിരുത്താൻ ജനങ്ങൾ മുന്നിട്ടിറങ്ങിയാൽ അതിനുശേഷം വരുന്ന കാലത്ത് വികസനം ഏറെ ഫലപ്രദമായി മുമ്പോട്ടു കൊണ്ടുപോകാൻ കഴിയും

03. വികസനത്തിന്റെ ദീർഘകാല ലക്ഷ്യത്തെക്കുറിച്ചാണ്. ഭൂരിഭാഗം ജനങ്ങളും കടക്കെണിയിൽ അകപ്പെട്ട് നിത്യനിദാനച്ചെലവുകൾക്കുപോലും പണം കണ്ടെത്താനാകാതെ വലയുമ്പോൾ ജി.ഡി.പി. അടിസ്ഥാന പ്രമാണമായിക്കണ്ട് വികസനലക്ഷ്യങ്ങൾ നിർണ്ണയിക്കുന്നത് യുക്തിസഹമായിരിക്കില്ല. **ജനങ്ങൾ നേരിടുന്ന പ്രശ്നങ്ങൾക്കും അഭിമുഖീകരിക്കുന്ന വെല്ലുവിളികളും അവയ്ക്ക് അടിയന്തിരപരിഹാരം കാണുക** എന്നതായിരിക്കണം വികസനത്തിന്റെ ആദ്യലക്ഷ്യം. ഈ ദിശയിൽ നമ്മുടെ വികസനമാനദണ്ഡങ്ങൾ ഐക്യരാഷ്ട്രസംഘടന വിഭാവനം ചെയ്തിട്ടുള്ള 'സുസ്ഥിര വികസന ലക്ഷ്യങ്ങളായിരിക്കണം (SDG-2030). ഇവ വികസനമാനദണ്ഡങ്ങളാവുകയും അത് ഉചിതമായവിധം

അവതരിപ്പിക്കുകയുമാണെങ്കിൽ അത് ഒരു ഭാഗത്ത് നമ്മുടെ യുവതയെ ആവേശഭരിതമാക്കുകയും അതിന്റെ പങ്കാളിത്തം വർദ്ധിപ്പിക്കുകയും ചെയ്യും. മറുഭാഗത്ത്, കേരളത്തിലേക്ക് അന്തർദ്ദേശീയ ശ്രദ്ധപതിയാനും വികസനശ്രമങ്ങൾക്ക് പ്രോത്സാഹനവും സഹായങ്ങളും എത്തുന്നതിനും പ്രയോജനപ്പെടും. വിജയിച്ചാൽ, കേരളത്തിനു ഇപ്പോൾ നഷ്ടമായിട്ടുള്ള അന്തർദ്ദേശീയ അംഗീകാരം തിരിച്ചു വരികയും ചെയ്യും. അത് സാദ്ധ്യമായതിനുശേഷം സംസ്ഥാനത്തെ മറ്റു വികസിതരാഷ്ട്രങ്ങൾക്കൊപ്പം എത്തിക്കുന്നതിനും അതുവഴി ജനജീവിതം അന്തർദ്ദേശീയ നിലവാരത്തിലെത്തിക്കുന്നതിനും ഉള്ള ശ്രമം തുടരാം.

04. കേരളത്തിന്റെ ദീർഘകാല വികസനലക്ഷ്യങ്ങൾക്ക് വ്യക്തവും സമർത്ഥവുമായ ഒരു രൂപരേഖ ഇപ്പോൾ തന്നെ ഉണ്ട് എന്നതാണ്. കേരളത്തിന്റെ സ്വന്തം പ്ലാനിങ്ങ് ബോർഡ് 2014-ൽ പ്രസിദ്ധീകരിച്ച, ബൃഹത്തായ നാല് വാല്യങ്ങളുള്ള **'പെഴ്സ്പെക്ടീവ് പ്ലാൻ 2030- കേരള'** എന്നതാണ് ആ രൂപരേഖ. 2030 ഓടെ കേരളത്തിലെ ജനങ്ങളുടെ ജീവിത ഗുണനിലവാരം സ്വീഡൻ, ഡെൻമാർക്ക്, നോർവെ, ഫിൻലന്റ് തുടങ്ങിയ രാജ്യങ്ങളുടേതിനു സമാനമാക്കാൻ ലക്ഷ്യമിട്ട് തയ്യാറാക്കിയ രൂപരേഖയാണത്. ഈ രൂപരേഖ പ്രയോജനപ്പെടുത്താൻ പ്രതിജ്ഞാബദ്ധമായ ഒരു ഭരണം രൂപപ്പെടുത്താൻ കേരളത്തിലെ ജനങ്ങൾ വിവേകപൂർവ്വം തീരുമാനമെടുത്താൽ വൈകിയാണെങ്കിലും കേരളത്തിന് ആ ലക്ഷ്യം നേടാനാകും. ആ രൂപരേഖ സമഗ്രമാണ്, സർവ്വതല സ്പർശിയാണ്.

## വികസന ലക്ഷ്യങ്ങൾ-മുൻഗണന

ഈ നാല് സമീപനങ്ങൾ മുന്നിൽകണ്ട് അടിയന്തിരമായി പരിഗണിക്കപ്പെടേണ്ടതും യുദ്ധകാലാടിസ്ഥാനത്തിൽ നടപ്പാക്കപ്പെടേണ്ടതുമായ ഏതാനും വികസനലക്ഷ്യങ്ങൾ ഇവിടെ രേഖപ്പെടുത്തുകയാണ്. ഈ റിപ്പോർട്ടിന്റെ തുടർച്ചയായി അടുത്ത ഒരു വർഷംകൊണ്ട് പൂർത്തീകരിക്കാൻ ഉദ്ദേശിച്ചിട്ടുള്ള പഠനം - കേരള സമ്പദ്‌വ്യവസ്ഥയുടെ എല്ലാ വിഷയ മേഖലകളുടെയും ഇപ്പോഴത്തെ അവസ്ഥയെ സംബന്ധിച്ചത് - പൂർത്തിയാകുന്ന മുറയ്ക്ക് സമഗ്രവും കാലാനുസൃതവുമായ ഒരു വികസനപ്ലാൻ രൂപപ്പെടുത്താൻ കഴിയും. സമീപനം നാലിൽ പരാമർശിച്ചിട്ടുള്ള **'പെഴ്സ്പെക്ടീവ് പ്ലാൻ 2030- കേരള'**-യിൽ കാലാനുസൃതമായ മാറ്റങ്ങൾ വരുത്തുകയേ വേണ്ടി വരികയുള്ളൂ.

ഭരണഘടനയുടെ 21-ാം അനുഛേദം ഉറപ്പു നൽകുന്ന ജീവിയ്ക്കാനുള്ള അവകാശവും മനുഷ്യാവകാശനിയമം വ്യവസ്ഥ ചെയ്തിട്ടുള്ള മനുഷ്യാവകാശങ്ങളും മുൻനിറുത്തി ഏറെ പ്രാധാന്യത്തോടെ സംസ്ഥാനം പൂർത്തീകരിക്കേണ്ട ഒരു വികസനലക്ഷ്യമുണ്ട്. കേരളത്തിൽ പ്രകൃതിദുരന്ത സാദ്ധ്യതകൾകൊണ്ടും വന്യമൃഗ ഉപദ്രവംകൊണ്ടും സുരക്ഷിതജീവിതം സാദ്ധ്യമല്ലാതായിരിക്കുന്ന മേഖലകളിൽ ജീവിക്കുന്നവരെ സുരക്ഷിതയിടങ്ങളിലേക്ക് മാറ്റി പാർപ്പിക്കണം. ഇത് യുദ്ധകാലാടിസ്ഥാനത്തിൽ ചെയ്യേണ്ടതാണ്. വന്യമൃഗഉപദ്രവം മൂലം നിത്യവും മനുഷ്യർ മരിക്കുന്നതും കൃഷിനാശങ്ങൾ ഉണ്ടാകുന്നതും വീടുകൾ തകർക്കപ്പെടുന്നതും എല്ലാ മഴക്കാലങ്ങളിലും പ്രകൃതിദുരന്തങ്ങൾമൂലം വിവിധയിടങ്ങളിൽ ദുരിതങ്ങളും മരണങ്ങളും സംഭവിക്കുന്നതും ആധുനിക കാലഘട്ടത്തിൽ ഒരു സർക്കാരിനും ഭൂഷണമല്ല. ഇക്കാര്യത്തിൽ കേരളത്തിൽ സംഭവിച്ചുകൊണ്ടിരിക്കുന്നതും ഇന്ത്യയുൾപ്പെടെ ലോകത്തിന്റെ മറ്റിടങ്ങളിൽ സംഭവിക്കുന്നവയും തമ്മിലുള്ള വ്യത്യാസം വിലയിരുത്തപ്പെടണം. ചെന്നൈയിലും അതുപോലെ വിവിധയിടങ്ങളിലും നഗരം പൂർണ്ണമായും വെള്ളത്തിനടിയിലാകുകയാണല്ലോ. അല്ലെങ്കിൽ, ഒരു വലിയ പ്രദേശം മുഴുവൻ കൊടുങ്കാറ്റിനോ ചുഴലിക്കാറ്റിനോ വിധേയമാകുകയാണ്. 2018-ലെ പ്രളയം ഒഴികെയുള്ള പ്രകൃതിദുരന്തങ്ങളും വന്യമൃഗ ഉപദ്രവങ്ങളും വ്യത്യസ്ഥമാണ്. അവയുണ്ടാകുന്ന മേഖലകൾ കൃത്യമായി കണ്ടെത്തി അവിടെയുള്ള ജനങ്ങളെ മാറ്റിപ്പാർപ്പിക്കാവുന്നതാണ്. കടലോരങ്ങളിൽ ജീവിക്കുന്ന മനുഷ്യരുടെ കാര്യവും അപ്രകാരമാണ്.

മാറ്റിപ്പാർപ്പിക്കൽ കഴിഞ്ഞാൽ, തുടർന്ന് വേണ്ടത് മനുഷ്യരെ ഒഴിപ്പിക്കുന്നയിടങ്ങളിൽ സുരക്ഷിതമാക്കാവുന്ന ഇടങ്ങൾ സുരക്ഷിതമാക്കുക എന്നതാണ്. എല്ലായിടങ്ങളും സുരക്ഷിതമാക്കാൻ കഴിയണമെന്നില്ല. ചില **കടലോര മേഖലകൾ, പശ്ചിമഘട്ടത്തിലെ പ്രകൃതിദുരന്ത മേഖലകൾ, അതുപോലെ ചില വന്യമൃഗ ഉപദ്രവ മേഖലകളും സുരക്ഷിതമാക്കാൻ കഴിയാത്തവയാണ്.** അവ മനുഷ്യവാസമില്ലാതാക്കുക എന്നതു മാത്രമാണ് പ്രായോഗികം. അവിടങ്ങളിൽ ദുരന്തങ്ങളുടെ ആഘാതം കുറയ്ക്കാനുള്ള നടപടികൾ സ്വീകരിക്കാം. മറ്റിടങ്ങൾ സുരക്ഷിതമാക്കണം. ഇത് ഇന്നത്തെ അവസ്ഥയിൽ സർക്കാരിനെക്കൊണ്ടു മാത്രമായി ചെയ്യാൻ കഴിയണമെന്നില്ല. അതിനുള്ള പരിഹാരം ജനങ്ങളുടെ സന്നദ്ധസേവനം പ്രയോജനപ്പെടുത്തുകയാണ്. സർക്കാർ ആത്മാർത്ഥതയോടെ സമീപിച്ചാൽ വൻതോതിൽ സന്നദ്ധസേവനം മൊബിലൈസ് ചെയ്യാൻ കഴിയും. തദ്ദേശഭരണ സ്ഥാപനങ്ങളെയും സന്നദ്ധസ്ഥാപനങ്ങളെയും സംഘടനകളെയും വിശ്വാസത്തിലെടുത്തുകൊണ്ട് വേണം നടപ്പിലാക്കേണ്ടത്. പരിഹാരമാർഗ്ഗങ്ങൾ ആവിഷ്കരിക്കുന്നതും ജനങ്ങളോടാലോചിച്ചും ജനങ്ങളുടെ നിർദ്ദേശങ്ങൾകൂടി പരിഗണിച്ചും ആയിരിക്കണം. പരിഹാരനിർദ്ദേശങ്ങൾ ഇവിടെ വിവരിക്കുന്നില്ല.

മുതിർന്ന ജനങ്ങളുടെയും വിദ്യാർത്ഥി-യുവജനങ്ങളുടെയും പങ്കാളിത്തത്തോടെ വിജയകരമായി നടപ്പാക്കാൻ കഴിയുന്നവയാണ് മാലിന്യനിർമ്മാർജ്ജനം, ശുചീകരണം, കയ്യേറ്റങ്ങൾ ഒഴിപ്പിച്ചുകൊണ്ട് ജലനിർഗ്ഗമന മാർഗ്ഗങ്ങൾ പുന:സ്ഥാപിക്കൽ എന്നിവ. കയ്യേറ്റങ്ങൾ ഒഴിപ്പിക്കുന്നതിന് സംസ്ഥാന സർക്കാരിന്റെ റവന്യൂ വകുപ്പിനും തദ്ദേശഭരണ സ്ഥാപനങ്ങൾക്കും വേണ്ടത്ര അധികാരങ്ങളുണ്ട്. കേരള ഹൈക്കോടതിയും സുപ്രീംകോടതിയും ഈ അധികാരം ഉറപ്പാക്കിയിട്ടുള്ള നിരവധി വിധിന്യായങ്ങൾ ആവർത്തിച്ചാവർത്തിച്ചു പ്രസ്താവിച്ചിട്ടുണ്ട്. സംസ്ഥാന സർക്കാരും തദ്ദേശഭരണ സ്ഥാപനങ്ങളും മുന്നിട്ടിറങ്ങിയാൽ ജനങ്ങൾ അത്യുത്സാഹപൂർവ്വം സഹകരിക്കും. ഒരു വർഷംകൊണ്ട് കേരളത്തിന്റെ മുഖഛായ തന്നെ മാറ്റിയെടുക്കാൻ ഇത്തരമൊരു പ്രവർത്തനം പ്രയോജനപ്പെടും. ഇങ്ങനെയൊന്നു നടത്താൻ കഴിഞ്ഞാൽ അവശിഷ്ടവസ്തുക്കൾ വഴിയിലും മറ്റു പൊതു ഇടങ്ങളിലും വലിച്ചെറിയുന്ന സംസ്കാരം തന്നെ അപ്രത്യക്ഷമാകും. ഇതിന്റെ തുടർച്ചയായി സൗന്ദര്യവൽക്കരണം കൂടി മുമ്പോട്ടു കൊണ്ടു പോകാൻ കഴിയും.

മേൽ സൂചിപ്പിച്ച മൂന്നു കാര്യങ്ങൾ സംസ്ഥാന സർക്കാരും തദ്ദേശഭരണ സ്ഥാപനങ്ങളും മുൻകയ്യെടുത്തും ജനപങ്കാളിത്തത്തോടെയും പൂർത്തീകരിച്ചാൽ അതിനെത്തുടർന്ന് കേരളത്തിന്റെ സമഗ്രവികസനം പി.പി.പി. (പൊതു-സ്വകാര്യ-പങ്കാളിത്ത) മാതൃക സ്ഥാപനങ്ങൾ ഉണ്ടാക്കി ലളിതമായി സാദ്ധ്യമാക്കാൻ കഴിയും. പി.പി.പി. മോഡലിന്റെ ആദ്യത്തേതും യഥാർത്ഥവുമായ ഉദാഹരണം നെടുമ്പാശ്ശേരി വിമാനത്താവളം സാദ്ധ്യമാക്കുകയും വിജയകരമായും മാതൃകാപരമായും നിലകൊള്ളുകയും ചെയ്യുന്ന 'സിയാൽ' - കൊച്ചിൻ ഇന്റർനാഷണൽ എയർപോർട്ട് ലിമിറ്റഡ് - ആണെന്നോർമ്മിക്കണം. ഈ മാതൃകയെയാണ് രാജ്യത്തിന്റെ സമ്പത്ത് കോർപ്പറേറ്റുകൾക്ക് ചുളുവിൽ തട്ടിയെടുക്കാൻ പര്യാപ്തമായ പബ്ലിക് - പ്രൈവറ്റ് കോർപ്പറേറ്റ് സംരംഭങ്ങൾ ആക്കി മാറ്റിയത്. ഒരു ജനകീയ മോഡലിനെ കോർപ്പറേറ്റുകൾക്കടിയറ വയ്ക്കാൻ രാഷ്ട്രീയ- ഉദ്യോഗസ്ഥ ലോബി വികസിപ്പിച്ചതാണ് പുതിയ മോഡൽ.

## കൃഷിയും കർഷകക്ഷേമവും

മൂന്നു വെല്ലുവിളികളാണ് കർഷകർ നേരിടുന്നത്. സാർവ്വത്രിക കടക്കെണിയും കാർഷികോൽപ്പന്നങ്ങൾക്ക് മതിയായ വില ലഭിക്കാത്തും വന്യമൃഗ ഉപദ്രവങ്ങളും. വന്യമൃഗശല്യത്തിനുള്ള പരിഹാരം നേരത്തെ വിശദീകരിച്ചു. മനുഷ്യവാസം സാദ്ധ്യമല്ലാതായിട്ടുള്ള മേഖലകളിൽനിന്ന് മനുഷ്യരെ ഒഴിവാക്കി സുരക്ഷിത മേഖലകളിൽ പുനരധിവസിപ്പിക്കുക. കേരളത്തിൽ അതിനു ഭൂമി ഇല്ലാതില്ല. വന്യമൃഗങ്ങളെ വനത്തിൽതന്നെ നിയന്ത്രിച്ചു നിറുത്താൻ രാജ്യാതിർത്തിയിലെ ബോർഡർ സെക്യൂരിറ്റി ഫോഴ്സിന്റെ മാതൃകയിലുള്ള പ്രവർത്തനരീതി ആവിഷ്കരിക്കാം. കൃഷിയിടങ്ങളുമായുള്ള അതിർത്തിയിൽനിന്ന് ശരാശരി ഒരു കിലോമാറ്റർ

പരിധിയിൽ ഫെൻസിങ്ങ്, ട്രെഞ്ചുകൾ തുടങ്ങിയവ നിർമ്മിക്കുക. അതിനു വെളിയിൽ, പരിസ്ഥിതിക്കിണങ്ങുന്ന വാസസ്ഥലങ്ങൾ ഉണ്ടാക്കി ഫോറസ്റ്റ് ഫോഴ്സ് (ഉയർന്ന ഉദ്യോഗസ്ഥന്മാരുൾപ്പെടെ) താമസിക്കുക. മുമ്പ് ഫോറസ്റ്റ് സർവ്വീസ് ആയിരുന്ന സംവിധാനം, സംവിധാനത്തിനുള്ളിൽനിന്നു തന്നെയുണ്ടായ നീക്കങ്ങളിലൂടെ ഫോറസ്റ്റ് ഫോഴ്സ് എന്നു പുനർനാമകരണം ചെയ്യപ്പെട്ടുവെന്നോർമ്മിക്കണം. അതിനനസരണമായ സാമ്പത്തിക സൗകര്യങ്ങളും അധികാരങ്ങളും ഫോറസ്റ്റ് ഫോഴ്സ് നേടിയെടുക്കുകയും ചെയ്തിട്ടുണ്ട്. കോടതിയുടെ വാറന്റില്ലാതെ ജനങ്ങളെ അറസ്റ്റ് ചെയ്യാനുള്ള പട്ടാള അധികാരം നേടിയെടുക്കുകയായിരുന്നു ഏറ്റവും ഒടുവിലത്തെ ശ്രമമെന്നും ഓർമ്മിക്കണം. ഫോറസ്റ്റ് ഫോഴ്സിന്റെ വാസം സാദ്ധ്യമാക്കിയശേഷം കൃഷിയിടങ്ങളുമായുള്ള അതിർത്തിയിൽ രണ്ടാംനിര ഫെൻസിങ്ങ്, ട്രെഞ്ചുകൾ തുടങ്ങിയവ നിർമ്മിക്കണം. ഇതിലൂടെ വന്യമൃഗങ്ങൾ ഒരു കാരണവശാലും കൃഷിയിടങ്ങളിലെത്താത്ത സ്ഥിതിവിശേഷം ഉണ്ടാക്കിയെടുക്കാം.

ഇപ്പോൾ പട്ടണങ്ങളിലും നഗരങ്ങളിലും താമസിക്കുന്ന ഫോറസ്റ്റ് ഫോഴ്സ് വനാതിർത്തിയിൽ താമസമാകുമ്പോൾ ഫോഴ്സിന്റെ സുരക്ഷിതത്വ ത്തിനാവശ്യമായതെല്ലാം തനിയെ ഉണ്ടായിക്കൊള്ളും. അക്കൂട്ടത്തിൽ വന്യമൃഗങ്ങൾ വനത്തിൽതന്നെ നിൽക്കാനാവശ്യമായ സാഹചര്യങ്ങളും രൂപപ്പെടും. ഇക്കാര്യം നടത്തിയെടുക്കുന്നതിന് ജനപങ്കാളിത്തം മൊബിലൈസ് ചെയ്യാൻ സംസ്ഥാന സർക്കാരും തദ്ദേശഭരണ സ്ഥാപനങ്ങളും കൂട്ടായി ശ്രമിച്ചാൽ ജനങ്ങൾ പൂർണ്ണ മനസ്സോടെ തയ്യാറാകും.

ഇപ്പോൾ തന്നെ കൃഷി വകുപ്പിന്റെ കീഴിൽ സ്ഥാപിതമായിട്ടുള്ള പി.പി.പി. മോഡൽ കാബ്കോ - കേരളാ അഗ്രികൾച്ചറൽ ബിസിനസ്സ് കമ്പനി -യുടെ സബ്സിഡിയറി കമ്പനി ഓരോ തദ്ദേശഭരണയിടത്തും സ്ഥാപിച്ച് കർഷകരോടൊപ്പം മറ്റെല്ലാ വിഭാഗം ജനങ്ങളെയും സഹകരിപ്പിച്ച് പ്രവർത്തിച്ചുകൊണ്ട് കൃഷിയുടെയും സമസ്തജീവിത മേഖലകളുടെയും സർവ്വതോമുഖ പുരോഗതി കൈവരിക്കാനാകും. പി.പി.പി. മോഡൽ ആയതുകൊണ്ട് എല്ലാവിധ വിഭവസമാഹരണവും സാദ്ധ്യമാകും. സ്വാമിനാഥൻ കമ്മീഷൻ ശുപാർശയ്ക്കനുസൃതമായി വില നൽകി മുഴുവൻ കർഷകരുടെയും എല്ലാ ഉൽപ്പന്നങ്ങളും വാങ്ങി സംഭരിച്ച്, മൂല്യവർദ്ധന നൽകി, പ്രാദേശിക ഉപഭോഗത്തിനുള്ളത് കഴിഞ്ഞുള്ളവ മാർക്കറ്റ് ചെയ്യാൻ സംവിധാനങ്ങൾ ആവിഷ്കരിച്ച് കർഷകരുടെ വരുമാനം വർദ്ധിപ്പിച്ചും തനിനാടൻ ഉൽപ്പന്നങ്ങൾ ലഭ്യമാക്കിയും, മുമ്പ് സൂചിപ്പിച്ചതുപോലെ, സർവ്വതോമുഖ പുരോഗതിയ്ക്ക് അടിത്തറ പാകാൻ കഴിയും.

ഇത് കേരളത്തിലൊട്ടാകെ നടപ്പാക്കുന്നതിന് രണ്ടു വർഷത്തെ കാലാവധി പ്രഖ്യാപിച്ച്, ആ രണ്ടു വർഷത്തേക്ക് കർഷകരുടെ വായ്പാ തിരിച്ചടവിനു മോറട്ടോറിയം പ്രഖ്യാപിക്കുകയും രണ്ടുവർഷത്തെ പലിശ ബാദ്ധ്യത സർക്കാർ ഏറ്റെടുക്കുകയും ചെയ്യുക. മോറട്ടോറിയം ലിഫ്റ്റ് ചെയ്യുമ്പോൾ മുതൽ കർഷകർ തന്നെ മുതലും പലിശയും തവണകൾ വീഴ്ചയില്ലാതെ അടച്ചു പോകത്തക്കവിധം കൃഷി ഉത്സാഹപൂർവ്വം പുനരാരംഭിക്കണമെന്ന് നിഷ്കർഷിക്കുക. രണ്ടു വർഷം കൊണ്ട് അഭൂതപൂർവ്വമായ കാർഷിക പുരോഗതി കൈവരിക്കുന്നതിനും കർഷക ക്ഷേമം വളരുന്നതിനും ഇതിടയാക്കും. ഇക്കൂട്ടത്തിൽ, മില്ലെറ്റ് കൃഷിയുടെ പ്രാധാന്യം കർഷകരെ ബോദ്ധ്യപ്പെടുത്തുകയും 'ജങ്ക് ഫുഡി'ന്റെ ദോഷങ്ങളെ സംബന്ധിച്ച് മുഴുവൻ ജനങ്ങളെയും ബോധവത്കരിക്കുകയും കൂടി ചെയ്താൽ ആരോഗ്യകാര്യത്തിലും വലിയ മാറ്റം സംഭവിക്കും. നിർദ്ദേശങ്ങൾ നടപ്പാക്കാൻ സർക്കാർ തയ്യാറാകുമ്പോൾ മുഴുവൻ വിശദാംശങ്ങളും നൽകാൻ തയ്യാറാണ്.

## തീരദേശവും മത്സ്യമേഖലയും

അന്തരീക്ഷ താപനില വർദ്ധിക്കുന്നതുമൂലം ചില പ്രദേശങ്ങൾ അപ്പാടെ കടലിനടിയിലാകുമെന്ന പ്രവചനം മാറ്റി നിറുത്തിക്കൊണ്ട്, അതൊഴികെയുള്ള പ്രശ്നങ്ങൾക്കുള്ള പരിഹാരങ്ങൾ നിർദ്ദേശിക്കാം. തീരദേശ ജനതയ്ക്കൊപ്പം നിൽക്കുന്ന ശാസ്ത്രജ്ഞന്മാർ പൊതുവിൽ

അഭിപ്രായപ്പെടുന്നത് തീരം സംരക്ഷിക്കുന്നതിന് ഏറ്റവും നല്ല മാർഗ്ഗം സ്വാഭാവിക തീരം പുനർനിർമ്മിക്കുക എന്നതാണ് . കടലിൽ കല്ലിടുന്നതും, അനുബന്ധ നിർമ്മാണങ്ങളും തീരശോഷണം വർദ്ധിപ്പിക്കുകയാണെന്നവർ അഭിപ്രായപ്പെടുന്നു. ആ വിഭാഗത്തിൽപ്പെട്ട ശാസ്ത്രജ്ഞന്മാരുമായി ആലോചിച്ചും അവരുടെ നിർദ്ദേശങ്ങൾ പരിഗണിച്ചും തീരസംരക്ഷണത്തിനു ജനങ്ങളുടെ പങ്കാളിത്തത്തോടെ തദ്ദേശഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ നടപടികൾ ആവിഷ്കരിക്കുന്നത് ഗുണകരമാകുമെന്നു കരുതാവുന്നതാണ്. ഇക്കാര്യത്തിലും പി.പി.പി. മോഡൽ ഉപയോഗപ്പെടുത്താവുന്നതാണ്. തീരദേശ ജനങ്ങൾക്കിടയിൽ സാമ്പത്തികശേഷിയും വിദേശ ജീവിതത്തിൽനിന്നാർജ്ജിച്ച പരിചയവും വൈദഗ്ദ്ധ്യവും പ്രാപ്തിയും ഉള്ള ധാരാളം ആളുകളുണ്ട്. അവരെ ഉത്സുകരാക്കി പി.പി.പി. മോഡൽ വിജയിപ്പിക്കാൻ കഴിയുമെന്നെനിക്കുറപ്പുണ്ട്.

സാധാരണ മത്സ്യത്തൊഴിലാളികളെ സംബന്ധിച്ചിടത്തോളം മത്സ്യലഭ്യത ഉറപ്പുവരുത്തുകയും മത്സ്യബന്ധനം സുഗമമാക്കുകയും ചെയ്താൽ അവർ സ്വാശ്രയത്വത്തിലൂടെ സ്വയംപര്യാപ്തത യിലാകും. മദ്യപാനശീലത്തിൽനിന്ന് മോചിപ്പിക്കാനും കുടുംബ ബന്ധങ്ങൾ സുദൃഢമാക്കാനും സഹായകമായ പ്രവർത്തനങ്ങൾ തദ്ദേശഭരണ സ്ഥാപനങ്ങളുടെ മുൻകയ്യിൽ ആവിഷ്കരിക്കുക കൂടി ചെയ്താൽ കർഷകക്ഷേമം പോലെ മത്സ്യത്തൊഴിലാളി ക്ഷേമവും പുന:സ്ഥാപിക്കാൻ കഴിയും.

## കുടുംബശ്രീ

കുടുംബശ്രീയുടെ നിലവാരം ഉയർത്തി അവരിലെ സംരംഭകത്വമികവ് ശക്തിപ്പെടുത്തുകയും പാർലമെന്റിലും സംസ്ഥാന നിയമസഭയിലും നയപരമായ തീരുമാനങ്ങൾ എടുക്കുന്ന വേദികളിലും സ്ത്രീകൾക്ക് പുരുഷന്മാക്കൊപ്പം തുല്യ പ്രാതിനിധ്യം നൽകുകയും ചെയ്താൽ സ്ത്രീകൾ സ്വയം ഉന്നതശ്രേണികളിലെത്തുകയും സ്വന്തം ഭാഗധേയം നിർണ്ണയിക്കുന്നവരായി മാറുകയും ചെയ്യും.

## വ്യവസായം

കോർപ്പറേറ്റുകളാണ് രാജ്യത്തിന്റെ ശക്തി എന്ന സമീപനത്തിനുപകരം MSME (Micro Small and Medium Enterprises)കളാണ് പുരോഗതിക്കാധാരം എന്ന മാറിയ നയമാണ് ഇത്തവണത്തെ കേന്ദ്രബജറ്റിൽ പ്രതിഫലിപ്പിച്ചിട്ടുള്ളത്. ഓരോ തദ്ദേഭരണയിടത്തിലും ഒരു വ്യവസായ കോർണർ വികസിപ്പിക്കാമെന്ന വ്യവസ്ഥ പഞ്ചായത്തീരാജ് - മുനിസിപ്പാലിറ്റി നിയമങ്ങളിലുണ്ട്. ആ വ്യവസ്ഥ ഉപയോഗപ്പെടുത്തി പി.പി.പി. മോഡലിൽ ഓരോ തദ്ദേശഭരണയിടത്തും വ്യവസായ കോർണർ സൃഷ്ടിക്കാനായാൽ അതുമൂലം സൃഷ്ടിക്കപ്പെടാവുന്ന തൊഴിലവസരങ്ങൾ, സാമ്പത്തിക വളർച്ച ഇവയൊക്കെ അഭൂതപൂർവ്വമാകും. അതിലാദ്യത്തേത് കാബ്കോയുടെ (KABCO-Kerala Agro Business Company) സബ്സിഡിയറി കമ്പനി സ്ഥാപിച്ചുകൊണ്ടാകാം.

## ആവശ്യാധിഷ്ഠിത പെൻഷൻ

കേരളത്തിന്റെ അന്തരീക്ഷത്തിൽ അടുത്ത കാലത്തായി സജീവമായിക്കൊണ്ടിരിക്കുന്ന ആവശ്യമാണ് 60 വയസ്സ് കഴിഞ്ഞവർക്കെല്ലാം സാർവ്വത്രിക പെൻഷൻ വേണമെന്നത്. വികസിത രാജ്യങ്ങളിൽ ജോലിയിൽനിന്നു വിരമിച്ചാൽ എല്ലാവർക്കും പെൻഷൻ ലഭിക്കുന്നു. അതുമൂലം എല്ലാവർക്കും വാർദ്ധക്യകാലം അല്ലലില്ലാതെയും ആസ്വദിച്ചും ജീവിക്കാൻ കഴിയുന്നു. ഈ അറിവാണ് സാർവ്വത്രിക പെൻഷൻ മുദ്രാവാക്യത്തിന് പ്രചോദനമേകുന്നത്. വികസിതരാജ്യങ്ങളിൽ, പക്ഷേ എല്ലാവർക്കും തൊഴിൽ ഉണ്ടെന്നതും, തൊഴിൽ ചെയ്തു തുടങ്ങുമ്പോൾ മുതൽ പെൻഷൻ ഫണ്ടിലേക്ക് നിർബന്ധിത കോൺട്രിബ്യൂഷൻ നൽകുന്നുണ്ടെന്നതും മുദ്രാവാക്യം ഉയർത്തുന്ന എല്ലാവർക്കും അറിവുണ്ടാകില്ല.

'സാർവ്വത്രിക പെൻഷൻ' എന്നതിനു പകരം 'ആവശ്യാധിഷ്ഠിത പെൻഷൻ' എന്നൊരാശയം ഡോ. ജോസ് സെബാസ്റ്റ്യൻ വികസിപ്പിച്ചിട്ടുണ്ട്. സാമൂഹികനീതി എന്ന അടിത്തറയിലാണ്

ജോസ് സെബാസ്റ്റ്യൻ ആ ആശയം അവതരിപ്പിച്ചിരിക്കുന്നത്. കേരളത്തിന്റെ കാര്യത്തിൽ പൊതുധനത്തിൽ വളരെ വലിയ പങ്ക് സർക്കാർ ഉദ്യോഗസ്ഥരുടെയും എയിഡഡ് സ്ഥാപനങ്ങളിലെ അദ്ധ്യാപക-അനദ്ധ്യാപക ജോലിയിൽ ഉള്ളവരുടെയും ശമ്പളത്തിനും പെൻഷനും വേണ്ടി ചെലവഴിക്കുന്നു. യഥാർത്ഥത്തിൽ അർഹമായിരിക്കുന്നതിനേക്കാൾ കൂടുതൽ അക്കൂട്ടർ കൈപ്പറ്റുന്നു എന്നും അദ്ദേഹം സമർത്ഥിക്കുന്നു. അങ്ങനെയെങ്കിൽ, വിവിധ മേഖലകളിൽ അദ്ധ്വാനിക്കുകയും അതോടൊപ്പം നികുതിയായും മറ്റു നിരവധി രൂപങ്ങളിലും സർക്കാരിലേക്കു മുതൽ കൂട്ടുന്നവർക്കും വാർദ്ധക്യകാലത്തെ അതിജീവിക്കുവാൻ ഒരു വരുമാനം നൽകാൻ സമൂഹത്തിന്, സമൂഹത്തിന്റെ ആധികാരികരൂപമായ സർക്കാരിന് ചുമതലയില്ലേ, അവർക്കതിനർഹതയില്ലേ എന്നാണദ്ദേഹം ചോദിക്കുന്നത്.

യുക്തിപൂർവ്വകമായ ഒരു സ്കീം ആവിഷ്കരിച്ച് ആവശ്യാധിഷ്ഠിത പെൻഷൻ ലഭ്യമാക്കുന്നത് പുരോഗമനപരമായ ഒരു നടപടിയാണ്. ഇക്കാര്യത്തിൽ ഗൗരവതരമായ ചർച്ചകൾ ഉണ്ടാകണം. ആത്യന്തികമായി ആവശ്യാധിഷ്ഠിത പെൻഷൻ യാഥാർത്ഥ്യമാകുകയും വേണം എന്നാണഭിപ്രായം. നിലവിലെ നാമമാത്ര സാമൂഹികപെൻഷൻ മാറിയ കാലത്തിനനുയോജ്യമല്ല. ഏതെങ്കിലും വിധത്തിൽ സർക്കാരുമായി ബന്ധപ്പെട്ടു നിൽക്കുന്നവരൊക്കെ വലിയ തുക കൈപ്പറ്റുമ്പോൾ നാമമാത്രമായ സാമൂഹികപെൻഷൻ ക്ഷേമരാഷ്ട്ര സങ്കൽപ്പത്തിനനുയോജ്യമല്ല. അതുതന്നെ സ്ഥിരമായി നൽകാതെ മുടക്കുന്നു എന്നത് 'ദയനീയം'.

ഇങ്ങനെ ഓരോ മേഖലയെ സംബന്ധിച്ചും പ്രത്യേകം പ്രത്യേകം നിർദ്ദേശങ്ങൾ ആവിഷ്കരിക്കാൻകഴിയുമെങ്കിലും അതിനു മുതിരുന്നില്ല. ധനപ്രതിസന്ധിയിലൂടെ സംസ്ഥാനവും സർക്കാരും കടന്നുപോകുമ്പോഴും സർക്കാരിന് ആത്മാർത്ഥതയുണ്ടെങ്കിൽ വികസനം മുടങ്ങാതെ മുമ്പോട്ടു കൊണ്ടു പോകാൻ കഴിയുമെന്നു ബോദ്ധ്യപ്പെടുത്തുന്നതിനു വേണ്ടി ഏതാനും നിർദ്ദേശങ്ങൾ തയ്യാറാക്കിയിട്ടുള്ളതാണ്. തുടക്കത്തിൽ വിശദീകരിച്ച 'പെഴ്സ്പെകടീവ് പ്ലാൻ - 2030 കേരള' കേരളത്തിന്റെ സമഗ്രവികസനത്തിനു പ്രയോജനപ്പെടുന്ന ഒരു ബ്ലൂപ്രിന്റാണ്.

---

## Reference


* കേരള ധനകാര്യം
  ജനപക്ഷത്തു നിന്നും ഒരു പുനർവായന - ജോസ് സെബാസ്റ്റ്യൻ

* കേരള സമ്പദ്ഘടന : നിഴലും വെളിച്ചവും - ഡോ. മേരി ജോർജ്

* NABARD - All Indian Rural Financial Inclusion Survey Report - 2024

* NITI - Aayog Fiscal Health Index - 2025

* Household Consumption Expenditure Survey 2023-24, Fact Sheet - National Sample Survey. Ministry of Statistics and Programme Implementation.

* Perspective Plan - 2030
  Kerala State Planning Board - 2014

* വിവിധ ദിനപ്പത്രങ്ങൾ, ഏജൻസികളുടെ വെബ്സൈറ്റുകൾ

***NOTE***

***NOTE***

***NOTE***

***NOTE***


SUSTAINABLE DEVELOPMENT GOALS
1 NO POVERTY
2 ZERO HUNGER
3 GOOD HEALTH AND WELL-BEING
4 QUALITY EDUCATION
5 GENDER EQUALITY
6 CLEAN WATER AND SANITATION
7 AFFORDABLE AND CLEAN ENERGY
8 DECENT WORK AND ECONOMIC GROWTH
9 INDUSTRY, INNOVATION AND INFRASTRUCTURE
10 REDUCED INEQUALITIES
11 SUSTAINABLE CITIES AND COMMUNITIES
12 RESPONSIBLE CONSUMPTION AND PRODUCTION
13 CLIMATE ACTION
14 LIFE BELOW WATER
15 LIFE ON LAND
16 PEACE, JUSTICE AND STRONG INSTITUTIONS
17 PARTNERSHIPS FOR THE GOALS
SUSTAINABLE DEVELOPMENT GOALS

## Partnering Educational Institutions

IMDR College of Advanced Studies

All Saints' College

University College

Mar Ivanios College

Government Arts College

Mahatma Gandhi College

St.Xavier's College

Nodal Office, CHRIST
(DEEMED TO BE UNIVERSITY)

Institute for Sustainable Development & Governance
TC-23/1599,Golf Links, Kowdiar
Thiruvananthapuram-695 003,Keralam
www.isdg.in

Kerala Civil Society
ERICA Tower, St. Vincent Road,
Ernakulam North- 682018

ISBN 978-81-963830-9-1
9 788196 383091